കെസിബിസി
മീഡിയ




# വത്തിക്കാൻ തരംഗം

Vol No.36 No.7 July 2026 Rs.5.00

# 37-ാമത്
# KCBC
# അഖില കേരള പ്രൊഫഷണൽ നാടക മേള 2026



**സെപ്റ്റംബർ 18 മുതൽ 27 വരെ**

എല്ലാ ദിവസവും വൈകിട്ട് 6 ന്

| | | |
|---|---|---|
| 18/9/2026 | കൊച്ചിൻ മിഡാക്ക് | ‘അക്ഷയമന്ത്രം’ |
| 19/9/2026 | മലയാള നാടകവേദി | ‘ഒരു സുന്ദര ദിവസം’ |
| 20/9/2026 | അമ്പലപ്പുഴ സാരഥി | ‘ഞാൻ അപ്രസക്തൻ’ |
| 21/9/2026 | തിരുവനന്തപുരം സംസ്കൃതി | ‘ഭൂട്ടാനി’ |
| 22/9/2026 | കാളിദാസ കലാകേന്ദ്രം | ‘ഇപ്പോൾ അല്ലെങ്കിൽ എപ്പോൾ’ |
| 23/9/2026 | ചങ്ങനാശേരി അണിയറ | ‘തിര’ |
| 24/9/2026 | ഗാന്ധി ഭവൻ തിയറ്റർ ഇന്ത്യ, | ‘കൂട്’ |
| 25/9/2026 | കായംകുളം പീപ്പിൾസ് തിയേറ്റർ | ‘ചാപ്ലിൻ കുഞ്ഞൂട്ടൻ’ |
| 26/9/2026 | കോഴിക്കോട് സങ്കീർത്തന | ‘ശ്വാസം’ |
| 27/9/2026 | സെന്റ് ജോസഫ് കമ്മ്യൂണിക്കേഷൻ | ‘നീതിയുടെ കാവൽക്കാരൻ’ |

KERALA CATHOLIC BISHOPS' COUNCIL

KCBC MEDIA COMMISSION

KCBC MEDIA

വത്തിക്കാൻ തരംഗം
VATHICAN THARANGAM
JULY - 2026
RN. 55 178/94
പുസ്തകം- 36
Monthly
ലക്കം - 7


# ഉള്ളടക്കം


- എഡിറ്റോറിയൽ ....................04
- മനുഷ്യ മഹത്വമുയരാൻ....................07
- ക്രിസ്തുവില്ലാത്ത ....................10
- നിരായുധീകരണം ....................14
- ദൈവാശ്രയം....................19
- രണ്ടാം വത്തിക്കാൻ....................22
- പുനരൈക്യവാർഷികം....................26
- കൊല്ലം രൂപത....................29
- കെ.സി.എഫ്. ന്യൂസ് ....................36
- വാർത്തയും ചിന്തയും....................38



*മുഖ്യരക്ഷാധികാരി*

- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*രക്ഷാധികാരികൾ*

- ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ
- ബിഷപ്പ് റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

*ചീഫ് എഡിറ്റർ* • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656



കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ



# ലോകത്തിനുവേണ്ടി ശാന്തിക്കുവേണ്ടി...

## EDITORIAL



എങ്ങും അശാന്തിയുടെ കാർമേഘങ്ങൾ. സമൂഹത്തിൽ പടരുന്ന അരക്ഷിതാവസ്ഥ. രാജ്യങ്ങൾ തമ്മിലും ജനപദങ്ങൾ തമ്മിലും വെറുപ്പും വിദ്വേഷവും ആളിപ്പടരുന്നു. സ്നേഹത്തിന്റെ ഭാഷ അന്യമാകുന്ന സാമൂഹികാന്തരീക്ഷത്തിൽ അസമാധാനത്തിന്റെ കനലുകളിൽ നിന്നുയരുന്ന തീക്കാറ്റിന്റെ സീത്ക്കാരം നമ്മെ അമ്പരപ്പിക്കുന്നു. സമാധാനത്തിനുവേണ്ടി നിരന്തരം ശബ്ദമുയർത്തുന്ന കത്തോലിക്കാസഭയുടെ പരമാചാര്യന്മാരെ നമുക്ക് ചരിത്രത്താളുകളിൽ കാണാൻ കഴിയുന്നു. ലെയോ പതിനാലാമൻ പാപ്പയുടെ ഏറ്റവും പുതിയ ഗ്രന്ഥമായ "നിരായുധരോടും നിരായുധീകരണത്തോടുമൊപ്പം: സമാധാനം ഒരു സമ്മാനം" ലോകത്തോടു പറയുന്നതും ജനപദങ്ങൾ കൈവരിക്കേണ്ട സമ്പൂർണ്ണ ശാന്തിയുടെ അനിവാര്യതയെക്കുറിച്ചാണ്. ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭയാനകവും ക്രൂരവുമായ നാളുകൾക്കുശേഷമാണ് കത്തോലിക്കാസഭയുടെ മാർപാപ്പമാർ സമാധാനത്തിന്റെ പ്രവാചകർ എന്ന നിലയിൽ ലോകശ്രദ്ധ നേടുന്നത്. 1914 മുതൽ 1922 വരെ സഭയെ നയിച്ചിരുന്ന ബെനഡിക്ട് പതിനഞ്ചാമൻ പാപ്പയാണ് സമാധാനത്തിനുവേണ്ടിയുള്ള ശക്തമായ നിലപാടുകൾ ഉള്ളടങ്ങിയ ഒരു ചാക്രിക ലേഖനം ആദ്യമായി പ്രസിദ്ധീകരിച്ചത്. 1914 നവംബർ ഒന്നാം തീയതി പുറപ്പെടുവിച്ച ഈ ചാക്രിക ലേഖനത്തിന്റെ പേര് "ആദ് ബീറ്റ്സിമി അപ്പസ്തോലോരും" എന്നായിരുന്നു. അതിവിശുദ്ധ അപ്പസ്തോലന്മാരുടെ അടുക്കൽ എന്നാണ് ഈ ചാക്രിക ലേഖനത്തിന്റെ നാമപരിഭാഷ. ഒന്നാം ലോകമഹായുദ്ധത്തിന്റെ നടുക്കുന്ന ദൃശ്യങ്ങളാണ് ഈ ചാക്രികലേഖനം രചിക്കാൻ പാപ്പയ്ക്ക് പ്രചോദനമായത്. "പരിഷ്കൃത യൂറോപ്പിന്റെ ആത്മഹത്യ" (Suicide of Civilized Europe) എന്നായിരുന്നു ഈ മഹായുദ്ധത്തെ പാപ്പ വിശേഷിപ്പിച്ചത്. യുദ്ധത്തിനുശേഷം 1920-ൽ 'പാച്ചംദെയി മുന്നൂസ് പുൽക്കേറിമു' എന്ന ചാക്രിക ലേഖനവുംകൂടി ബെനഡിക്ട് പതിനഞ്ചാമൻ പുറപ്പെടുവിച്ചു. "ദൈവത്തിന്റെ സമാധാനം, ഏറ്റവും മനോഹരമായ വരം" എന്നാണ് ഈ ചാക്രിക ലേഖനത്തി

# SOLLICITUDO REI SOCIALIS

## The Concern of the Church for the Social Order

To the Bishops, Priests, Religious Families, Sons and Daughters of the Church and all people of good will for the twentieth anniversary of *Populorum Progressio*



Saint Pope John Paul II

December 30, 1987

ന്റെ പേര് പരിഭാഷപ്പെടുത്താനാവുക. ക്ഷമ, ക്രിസ്തീയ സ്നേഹത്തിൽ അധിഷ്ഠിതമായ അനുരഞ്ജനം, രാജ്യങ്ങൾക്കിടയിലെ നിയമവാഴ്ച ഉറപ്പുവരുത്തുവാൻ രൂപപ്പെടുത്തേണ്ട ജനകീയ കൂട്ടായ്മകൾ തുടങ്ങിയ ആശയങ്ങൾ ഈ ചാക്രിക ലേഖനത്തിലെ പ്രതിപാദ്യ വിഷയങ്ങളായിരുന്നു. 1963-ൽ ക്യൂബൻ മിസൈൽ പ്രതിസന്ധിയിൽ അമ്പരന്നുനിന്ന ലോകത്തിന് സമാധാനത്തിനുള്ള വ്യാകരണ ഗ്രന്ഥമായിരുന്നു- 'പാച്ചം ഇൻ ടെറിസ്' അഥവാ ഭൂമിയിൽ സമാധാനം എന്ന ചാക്രിക ലേഖനം. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയാണ് ഈ തിരുവെഴുത്ത് പുറപ്പെടുവിച്ചത്. പോൾ ആറാമൻ മാർപാപ്പയുടെ 'പോപ്പുലോരും പ്രോഗ്രസിയൊ' (ജനതകളുടെ പുരോഗതി-1967), വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ 'സോളിസിത്തുദോ റെയ് സോഷ്യലിസ്' (സാമൂഹിക കാര്യങ്ങളിലുള്ള ഔത്സുക്യം-1987), ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ കാരിത്താസ് ഇൻ വെരിത്താത്തെ (സത്യത്തിൽ സ്നേഹം-2009), ഫ്രാൻസിസ് പാപ്പയുടെ 'ഫ്രത്തേലി തുത്തി' (ഏവരും സഹോദരർ-2020) എന്നീ തിരുവെഴുത്തുകളെല്ലാംതന്നെ സമാധാനത്തിനുവേണ്ടിയുള്ള സ്നേഹാർദ്രമായ ആഹ്വാനങ്ങളായിരുന്നു.ആണവായുധ നിർവ്യാപനംകൊണ്ടോ, നയതന്ത്രതല തീരുമാനങ്ങൾകൊണ്ടോ സമ്പൂർണ സമാധാനം സാധ്യമല്ലെന്ന് ലെയോ പതിനാലാമൻ പാപ്പ തന്റെ പുതിയ ഗ്രന്ഥത്തിൽ നിരീക്ഷിക്കുന്നു. അഗസ്റ്റീനിയൻ സന്ന്യാസ സഭാംഗം കൂടിയായ പാപ്പ ഈ വാദഗതിക്കുവേണ്ടി വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ ഉദ്ധരിക്കുന്നുണ്ട്. യുദ്ധങ്ങളുടെ വിരാമമല്ല ക്രമത്തിന്റെ ശാന്തതയാണ് സമാധാനമെന്നായിരുന്നു വിശുദ്ധന്റെ പഠനം. കത്തോലിക്കാസഭ 1967-ലാണ് വിശ്വശാന്തിദിനാചരണം തുടങ്ങിയത്. എല്ലാ ജനുവരി ഒന്നിനുമാണ് ഈ ദിനാചരണം. ലോകമൊട്ടാകെ അറുപതിലേറെ രാജ്യാന്തര സംഘർഷങ്ങൾ നിലവിൽ ഇന്ന് നടന്നുവരുന്നുണ്ട്. വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും മതങ്ങൾ തമ്മിലുമെല്ലാം സംഘർഷം പുകയുന്നു. അശാന്തിയുടെ ഈ ദിനങ്ങൾക്ക് അറുതിവരുത്തുവാൻ ദൈവവചനത്തിന്റെ മനുഷ്യഹൃദയങ്ങളിലുമുള്ള പുനഃപ്രതിഷ്ഠ അനിവാര്യമാണെന്ന് ലെയോ പതിനാലാമൻ പാപ്പ മുന്നറിയിപ്പ് നൽകുന്നു. സമാധാനം സമൂഹത്തിൽ നിലനിൽക്കാൻ വ്യക്തികളെന്ന നിലയിൽ ഓരോ മനുഷ്യർക്കുമുള്ള ഉത്തരവാദിത്വത്തെക്കൂടി ഓർമിപ്പിക്കുന്നുണ്ട് മാർപാപ്പ. ക്രൈസ്തവരെന്ന നിലയിൽ ആ വാക്കുകൾക്ക് ചെവിയോർക്കാൻ നാം ബാധ്യസ്ഥരുമാണ്. ❍

**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.

*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ്ണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...*

*ജീസസ് ആന്റ് മേരി സന്യാസസഭ*



വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**




# മനുഷ്യമഹത്വമുയരാൻ സാങ്കേതിക പുരോഗതി ഉതകണം: ലിയോ പാപ്പ

**ബാബു കദളിക്കാട്**

SPECIAL REPORT



**വത്തിക്കാൻ സിറ്റി:** നിർമ്മിത ബുദ്ധിയുടെ വെല്ലുവിളികളെ വിവേകത്തോടെയും ഉത്തരവാദിത്വത്തോടെയും നേരിടേണ്ടതിന്റെ നിർണ്ണായക പ്രാധാന്യം ഓർമ്മിപ്പിച്ച് ലിയോ പതിനാലാമൻ മാർപ്പാപ്പ. എഐ അവതരിപ്പിക്കുന്ന അവസരങ്ങളെയും വെല്ലുവിളികളെയും കുറിച്ച് സഭ ഗൗരവപൂർണ്ണമായി ചിന്തിക്കുമ്പോൾ, എല്ലാ സാങ്കേതിക ഉപകരണങ്ങളും 'സത്യത്തിന്റെയും പൊതുനന്മയുടെയും സേവനത്തിനായി' രൂപപ്പെടുത്തണമെന്നും ചിലിയിലെ സാന്തിയാഗോയിലുള്ള പൊന്തിഫിക്കൽ കത്തോലിക്കാ യൂണിവേഴ്സിറ്റിയിൽ സഭയുടെ ആശയവിനിമയവുമായി ബന്ധപ്പെട്ട നടന്ന ഏഴാമത് അന്താരാഷ്ട്ര സെമിനാറിലേക്ക് നൽകിയ സന്ദേശത്തിൽ പാപ്പാ ചൂണ്ടിക്കാട്ടി. വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയത്രോ പരൊളിന്റെ ഒപ്പോടുകൂടി അയച്ച ഈ സന്ദേശത്തിൽ, സാങ്കേതിക പുരോഗതി മനുഷ്യന്റെ അന്തസ്സ് സംരക്ഷിക്കുന്നതിനും സത്യത്തിന്റെയും നന്മയുടെയും സേവനത്തിനും ഉപകരിക്കുന്ന വിധത്തിൽ വിനിയോഗിക്കപ്പെടണമെന്ന് പാപ്പാ ആഹ്വാനം ചെയ്തു. 'നിർമ്മിത ബുദ്ധി ഉയർത്തുന്ന വെല്ലുവിളികൾ' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ




തെക്കേ അമേരിക്കയിലെയും കരീബിയൻ മേഖലയിലെയും ആശയവിനിമയ വിദഗ്ധർ, അജപാലന പ്രവർത്തകർ, അക്കാദമിക വിദഗ്ധർ, സഭാ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. ലിയോ പതിനാലാമൻ പാപ്പായുടെ 'മഞ്ഞീഫിക്ക ഉമാനിത്താസ്' എന്ന ചാക്രിക ലേഖനത്തിന്റെ വെളിച്ചത്തിൽ നിർമ്മിത ബുദ്ധിയുടെ നൈതികവും, സാംസ്കാരികവും, മതപരവുമായ വെല്ലുവിളികളാണ് സമ്മേളനം ചർച്ച ചെയ്തത്.

**നിർമ്മിത ബുദ്ധിയുടെ വെല്ലുവിളികൾ**

സെമിനാറിൽ പങ്കെടുക്കുന്നവരുടെ ചിന്തകളെ പരിശുദ്ധാത്മാവ് പ്രകാശിപ്പിക്കട്ടെയെന്നും നിർമ്മിതബുദ്ധിയുടെ വെല്ലുവിളികളെ വിവേകത്തോടെയും ഉത്തരവാദിത്വത്തോടെയും നേരിടാൻ ദൈവം സഹായിക്കട്ടെയെന്നും തന്റെ സന്ദേശത്തിൽ ലിയോ പതിനാലാമൻ മാർപ്പാപ്പ എഴുതി. സഭയുടെ ആശയവിനിമയം മനുഷ്യരെ പരസ്പരം അടുപ്പിക്കുന്നതിനും സുവിശേഷം ഫലപ്രദമായി പ്രഖ്യാപിക്കുന്നതിനും സഹായകരമാകണമെന്നും പാപ്പാ കൂട്ടിച്ചേർത്തു. സെമിനാർ ഉദ്ഘടനം ചെയ്ത സാന്തിയാഗോ അതിരൂപതാധ്യക്ഷൻ കർദിനാൾ ഫെർണാണ്ടോ നതാലിയോ ചോമാലി ഗാരിബ് സമൂഹമാധ്യമങ്ങളുടെ സ്വാധീനത്തെക്കുറിച്ച് വിശദമായി സംസാരിച്ചു. സത്യം, നന്മ, സൗന്ദര്യം, ഉപയുക്തത എന്നീ നാല് അടിസ്ഥാന മൂല്യങ്ങൾ ആശയവിനിമയത്തിന്റെ അടിത്തറയാകണം.'മഞ്ഞീഫിക്ക ഉമാനിത്താസ്' സാങ്കേതികവിദ്യയെക്കുറിച്ചുള്ള രേഖ മാത്രമല്ല, മനുഷ്യന്റെ അന്തസ്സിനെയും സത്യത്തെയും കേന്ദ്രീകരിച്ചുള്ള ഒരു പ്രബോധനം കൂടിയാണെന്നും കർദിനാൾ ഗാരിബ് ചൂണ്ടിക്കാട്ടി.നിർമ്മിതബുദ്ധിയുമായി ബന്ധപ്പെട്ട സഭയുടെ ആശങ്കകളെക്കുറിച്ച് ചിലിയിലെ പൊന്തിഫിക്കൽ കത്തോലിക്ക സർവകലാശാലയുടെ റെക്ടർ ഹ്വാൻ കാർലോസ് ദെ ല യ്യേറയും ചിലി മെത്രാൻ സമിതി അധ്യക്ഷൻ മോൺസിഞ്ഞോർ റെനെ ഒസ്വാൾദോ റെബൊയ്യേദോ സലീനാസും സമ്മേളനത്തിൽ സംസാരിച്ചു. വ്യത്യസ്തങ്ങളായ സ്വരങ്ങളെ ഒരുമിപ്പിച്ച് ഐക്യം കൊണ്ടുവരാൻ സംഗീതത്തിനാകുമെന്നും, ഈയൊരർത്ഥത്തിൽ, ഐക്യത്തിന്റെയും സഹകരണത്തിന്റെയും അടയാളമായി സംഗീതം മാറുന്നുണ്ടെന്നും ലിയോ പതിനാലാമൻ പാപ്പാ. അന്ദ്രേയാ ബൊച്ചെല്ലി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ 'സമാധാനത്തിന്റെ ഗീതം' എന്ന പേരിൽ കസ്റ്റേൽ ഗന്തോൾഫോയിൽ സംഘടിപ്പിക്കപ്പെട്ട സംഗീതസായാഹ്നത്തിൽ സംസാരിക്കുകയായിരുന്നു പാപ്പാ. സ്വർഗ്ഗത്തിന്റെ സന്തോഷത്തെക്കുറിച്ച് വിവരിക്കുമ്പോൾ മാലാഖാമാരുടെയും വിശുദ്ധരുടെയും ഗായകസംഘത്തെക്കുറിച്ച് തിരുവചനം പരമർശി



ക്കുന്നത് പ്രത്യേകം എടുത്തുപറഞ്ഞ പാപ്പാ, അവർ ഒരുമിച്ച് ദൈവത്തെ ധ്യാനിക്കുകയും, അവനിൽ ആനന്ദത്തിന്റെ പൂർണ്ണത കണ്ടെത്തുകയും ചെയ്യുന്നതിനാലാണ് വചനം ഇത് സൂചിപ്പിക്കുന്നതെന്ന് പ്രസ്താവിച്ചു. നമുക്ക് ഒറ്റയ്ക്ക് നേടിയെടുക്കാൻ കഴിയാത്ത ഒരു പുതിയ അനുഭവത്തിലേക്ക് സംഗീതം നമ്മെ നയിക്കുന്നു. ഇത് പുതിയ ചക്രവാളങ്ങളിലേക്ക് നമ്മെ എത്തിക്കുന്ന സൗന്ദര്യത്തിന്റെ അനുഭവമാണ്.

## ദൈവത്തിലേക്ക് നയിക്കപ്പെടണം

ചക്രവാളങ്ങളിലേക്ക് നടക്കുമ്പോൾ നാം ദൈവത്തെയാണ് കണ്ടുമുട്ടുന്നതെന്ന് പ്രസ്താവിച്ച പാപ്പാ, അരുവി ഉറവയിലേക്കെന്നപോലെ സംഗീതത്തിന്റെ സൗന്ദര്യത്തിന് നമ്മെ ദൈവത്തിലേക്ക് നയിക്കാനുള്ള കഴിവുണ്ടെന്ന് ഉദ്ബോധിപ്പിച്ചു. ദൈവം തന്ന കഴിവുകൾ വളർത്താനും, അവയാൽ ദൈവത്തിലേക്ക് നയിക്കപ്പെടാനും തങ്ങളെത്തന്നെ വിട്ടുകൊടുക്കാനും പാപ്പാ ഗായകരോട് ആവശ്യപ്പെട്ടു.ജീവിതത്തിൽ മനുഷ്യൻ അന്വേഷിക്കുന്ന യഥാർത്ഥ സമാധാനം നൽകാൻ കഴിയുന്നത് ദൈവത്തിന് മാത്രമാണ്. മഹത്തായ ലക്ഷ്യങ്ങൾക്കായാണ് ഓരോരുത്തരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ലോകത്തിലെ നേട്ടങ്ങൾ ജീവിതത്തിന്റെ അർത്ഥത്തിനും ആനന്ദത്തിനും വേണ്ടിയുള്ള നമ്മുടെ ദാഹം ശമിപ്പിക്കില്ലെന്നും പാപ്പാ പ്രസ്താവിച്ചു. ഉഗാണ്ട, വിശുദ്ധനാട്, ഇറ്റലി എന്നിവിടങ്ങളിൽ നിന്നുള്ള ബാലഗായകസംഘങ്ങളെ ഉൾച്ചേർത്തുകൊണ്ട് അന്ത്രേയാ ബൊച്ചെല്ലി ഫൗണ്ടേഷൻ ഒരുക്കിയ ഈ സംഗീതക്കച്ചേരിയിൽ അന്ത്രേയാ ബൊച്ചെല്ലിയും പങ്കെടുത്തിരുന്നു. ഗായകസംഘത്തിലുണ്ടായിരുന്നവരോട്, തന്റെ സ്നേഹം അറിയിച്ച പാപ്പാ, അവർക്കും അവരുടെ കുടുംബങ്ങൾക്കും രാജ്യങ്ങൾക്കും വേണ്ടി താൻ പ്രാർത്ഥിക്കുന്നുണ്ടെന്ന് ഉറപ്പുനൽകി. അക്രമങ്ങൾ മൂലം ദുരിതമനുഭവിക്കുന്ന മനുഷ്യരുള്ള ഇടങ്ങളിലും, നിങ്ങളുടെ കുടുംബങ്ങളിലും സമാധാനമുണ്ടാകട്ടെയെന്നാണ് താൻ പ്രാർത്ഥിക്കുന്നതെന്ന് പാപ്പാ വിശദീകരിച്ചു. വിദ്യാഭ്യാസപരവും സാമൂഹികവുമായ പിന്നാക്കാവസ്ഥ നേരിടുന്ന യുവാക്കൾക്കായി അന്ത്രേയാ ബൊച്ചെല്ലി ഫൗണ്ടേഷൻ ചെയ്യുന്ന സേവനങ്ങളെ പാപ്പാ പ്രത്യേകം അഭിനന്ദിക്കുകയും മനുഷ്യന്റെ സമഗ്രവികസനത്തിനും പൊതുനന്മയ്ക്കും വേണ്ടിയുള്ള സഭയുടെ ശ്രമങ്ങൾക്ക് സംഗീതത്തിന്റെ ശക്തിയിലൂടെ നിങ്ങൾ സംഭാവന നൽകുന്നുണ്ടെന്ന് പ്രസ്താവിക്കുകയും ചെയ്തു. ❍




# ക്രിസ്തുവില്ലാത്ത ജീവിതം കൃപയില്ലാത്ത ജീവിതമാണ് : പാപ്പാ

SPECIAL REPORT

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി



ബ്രസീലിലെ ഫോർട്ടലേസയിൽ (Fortaleza) സമാപിച്ച 'ഹല്ലേലൂയ' സംഗമത്തിൽ പങ്കെടുത്ത യുവജനങ്ങൾക്ക് പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ ആശംസകൾ അർപ്പിച്ചുകൊണ്ട്, വീഡിയോ സന്ദേശം നൽകി. ബ്രസീലിലെ ഫോർട്ടാലെസയിൽ (Fortaleza) നടന്ന "ഹല്ലേലൂയ ഫെസ്റ്റിവൽ 2026"-ൽ പങ്കെടുത്ത യുവജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പ വീഡിയോ സന്ദേശം നൽകി. സംഗീതത്തിലൂടെയും ആരാധനയിലൂടെയും അനേകരുടെ ഹൃദയങ്ങളെ സ്പർശിക്കുന്ന ഈ സംഗമം കുമ്പസാരത്തിനും, അനേകരുടെ മാനസാന്തരത്തിനും പൗരോഹിത്യ-സന്യാസ വിളികൾക്കും കാരണമാകുന്നുവെന്ന് അദ്ദേഹം സന്ദേശത്തിൽ കുറിച്ചു. യുവജനങ്ങളുടെ ഉത്സാഹം സഭയ്ക്ക് പുതിയ പ്രേഷിത ചൈതന്യം നൽകുന്നുവെന്നും ലോകത്തെ മാറ്റിമറിക്കാൻ അത്യാവശ്യമായ മിഷനറി ഊർജ്ജം യുവജനങ്ങളിൽ ഉണ്ടെന്നും പാപ്പ ഓർമ്മിപ്പിച്ചു. സുവിശേഷ പ്രഘോഷണത്തിന് ആവശ്യമായ തീക്ഷ്ണത ഉപേക്ഷിക്കരുതെന്ന് പാപ്പ യുവജനങ്ങളെ ആഹ്വാനം ചെയ്തു. മനുഷ്യന്റെ ആഴമായ ആഗ്രഹങ്ങൾക്ക് ഉത്തരം നൽകുന്നതും സത്യം വെളിപ്പെടുത്തുന്നതും യേശുവാണെന്നും, ക്രിസ്തുവില്ലാത്ത ജീവിതം കൃപയില്ലാത്ത ജീവിതമാണെന്നും, അവിടുന്നാണ് വഴിയും സത്യവും ജീവനുമെന്നും ധൈര്യപൂർവ്വം പ്രഘോഷിക്കാൻ

പാപ്പ ആഹ്വാനം ചെയ്തു. നാം സ്നേഹിക്കുന്നവരുമായും ഈ സത്യം പങ്കുവെക്കണമെന്നും, ക്രിസ്തുവിലൂടെ മാത്രമേ ജീവിതത്തിന് അർത്ഥമുണ്ടാകൂ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആഘോഷങ്ങൾക്ക് ശേഷവും, വിശ്വാസത്തിന്റെ ജ്വാല നിലനിർത്താൻ പ്രാർത്ഥനയിലും ദൈവസാന്നിധ്യത്തിലും ഉറച്ചുനിൽക്കണമെന്ന് പാപ്പ ഓർമ്മിപ്പിച്ചു. ക്രിസ്തുവിനെ ഭയപ്പെടേണ്ടതില്ലെന്നും അവിടുന്ന് ഒന്നും കവർന്നെടുക്കുന്നില്ല, മറിച്ച് എല്ലാം നൽകുന്നുവെന്നും ബെനഡിക്ട് പതിനാറാമൻ പാപ്പയെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. സാങ്കേതികവിദ്യയുടെ ഉപയോഗത്തിൽ വിശുദ്ധ കാർലോ അക്കുത്തിസിനെ മാതൃകയാക്കാൻ ഉപദേശിച്ച പാപ്പാ, സമൂഹ മാധ്യമങ്ങളെയും, നിർമ്മിത ബുദ്ധിയെയും വിവേകത്തോടെ ഉപയോഗിക്കണമെന്നും അവ നമ്മെ യഥാർത്ഥ മൂല്യങ്ങളിൽ നിന്ന് അകറ്റുന്ന ഒരു സാങ്കൽപ്പിക ലോകത്തേക്ക് കൊണ്ടുപോകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും പാപ്പ മുന്നറിയിപ്പ് നൽകി. പരിശുദ്ധാത്മാവ് യുവജനങ്ങളിൽ വലിയ സ്നേഹം നിറയ്ക്കട്ടെയെന്നും അത് അവരെ പ്രേഷിത ശക്തികളാക്കി മാറ്റട്ടെയെന്നും പാപ്പ ആശംസിച്ചു. വിശുദ്ധ അഗസ്റ്റിന്റെ "ദൈവനഗരം" എന്ന സങ്കല്പത്തെ മുൻനിർത്തി സമാധാനത്തിന്റെ നഗരം പണിയുന്ന ജീവനുള്ള കല്ലുകളായി മാറാൻ യുവജനങ്ങളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. പരീക്ഷണങ്ങളിൽ ദൈവം ശക്തി നൽകട്ടെയെന്നും വിശുദ്ധിയിലേക്കുള്ള വിളി വിശ്വസ്തതയോടെ ജീവിക്കാൻ സാധിക്കട്ടെയെന്നും പാപ്പാ സന്ദേശത്തിൽ ആശംസിച്ചു.

## നഗരങ്ങൾക്കായി പ്രാർത്ഥനാ നിയോഗം

ലോകജനസംഖ്യയുടെ പകുതിയോളം നഗരങ്ങളിൽ താമസിക്കുന്ന ഇക്കാലത്ത്, ആരും അവഗണിക്കപ്പെട്ടും തഴയപ്പെട്ടും പോകാതിരിക്കാൻ വേണ്ടി, ചേർത്തുപിടിക്കലിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം കൂടുതൽ പരക്കാൻ വേണ്ടി, “നഗരങ്ങൾ സുവിശേഷവത്കരിക്കപ്പെടട്ടെയെന്ന” ആഹ്വാനം ഓഗസ്റ്റ് മാസത്തിലെ പ്രാർത്ഥനാനിയോഗമായി മുന്നോട്ടു വച്ച് ലിയോ പതിനാലാമൻ പാപ്പാ. ജൂലൈ 31 വെള്ളിയാഴ്ച “പരിശുദ്ധ പിതാവിന്റെ പേരിലുള്ള പ്രാർത്ഥനാ ശൃംഖലയാണ്” ഈയൊരു നിയോഗം പുറത്തുവിട്ടത്. ഓഗസ്റ്റ് മാസത്തെ തന്റെ പ്രാർത്ഥനാനിയോഗം "നഗരങ്ങളിലെ സുവിശേഷവത്കരണത്തിനായി" സമർപ്പിച്ച് ലിയോ പതിനാലാമൻ പാപ്പാ. ലോകജനസംഖ്യയുടെ നാൽപ്പത്തിയഞ്ച് ശതമാനത്തോളം ആളുകൾ നഗരപ്രദേശങ്ങളിൽ താമസിക്കുന്ന ഇക്കാലത്ത്, പലയിടങ്ങളിലും ആളുകൾ നഗരജീവിതം സമ്മാനിക്കുന്ന ഏകാന്തതയുടെയും അജ്ഞാതത്വത്തിന്റെയും പിന്നിൽ, "അദൃശ്യരായിപ്പോകുന്ന" സ്ഥിതിവിശേഷം നിലനിൽക്കുന്ന സാഹചര്യത്തിലാണ്, ഏവരിലേക്കും തുറന്നതും മറ്റുള്ളവർക്ക് സ്വാഗതമേകുന്നതുമായ സമൂഹങ്ങൾ കെട്ടിപ്പടുക്കാനുള്ള ആഹ്വാനം ഈ മാസത്തേക്കുള്ള പ്രാർത്ഥനാനിയോഗമായി പരിശുദ്ധ പിതാവ് മുന്നോട്ട് വയ്ക്കുന്നത്.

## പാപ്പയ്ക്കൊപ്പം പ്രാർത്ഥിക്കാം

സ്വാതന്ത്ര്യത്തിന്റെയും അവസരങ്ങളുടെയും സ്ഥലങ്ങളായി വിശേഷിപ്പിക്കപ്പെടുന്ന നഗരങ്ങൾ "അജ്ഞാതത്വത്തിന്റെയും ഒറ്റപ്പെടലിന്റെയും ഇടങ്ങളായി" മാറാനുള്ള പ്രവണതയുണ്ടെന്ന് തിരിച്ചറിയുന്ന പാപ്പാ, തന്റെ പേരിലുള്ള “പ്രാർത്ഥനാ ശൃംഖല”യിലൂടെയും, പാപ്പായ്ക്കൊപ്പം പ്രാർത്ഥിക്കാം എന്ന ക്യാമ്പയ്നിലൂടെയും വിശ്വാസികളും സന്മനസ്സുള്ളവരുമായ ഏവരെയും തന്റെ പ്രാർത്ഥനാനിയോഗത്തിൽ പങ്കുചേരാൻ ക്ഷണിച്ചു. നിസംഗത വാഴുകയും, സ്വകാര്യതയ്ക്ക് അമിതപ്രാധാന്യം കൊടുക്കുകയും ചെയ്യുന്ന ഇന്നത്തെ പൊതുസമൂഹത്തിൽ, സാഹോദര്യം








വിതയ്ക്കാനും, മറ്റുള്ളവരിലേക്ക് എത്തിച്ചേരുന്ന മനോഭാവം പ്രോത്സാഹിപ്പിക്കുന്ന സഭയായി മാറാനുമുള്ള വിളിയാണ്, "നഗരങ്ങളിലെ സുവിശേഷവത്കരണത്തിനായുള്ള" പ്രാർത്ഥനാനിയോഗത്തിലൂടെ ലിയോ പതിനാലാമൻ പാപ്പാ നൽകുന്നത്. മറ്റുള്ളവരിലേക്ക് ഇറങ്ങിച്ചെല്ലാനും, സമൂഹത്തിൽ അവഗണന നേടുന്നവരെ ചേർത്തുപിടിക്കാനുമാണ്, മനുഷ്യർക്കിടയിലേക്ക് കടന്നുവന്ന യേശു നൽകുന്ന സുവിശേഷം നമ്മോട് ആഹ്വാനം ചെയ്യുന്നത് എന്ന ഒരു ഉദ്ബോധനം കൂടിയാണ് പരിശുദ്ധ പിതാവ് ഓഗസ്റ്റ് മാസത്തിലേക്കുള്ള പ്രാർത്ഥനാനിയോഗത്തിലൂടെ നൽകുന്നത്. 92-ലധികം രാജ്യങ്ങളിൽ വ്യാപിച്ചുകിടക്കുന്ന പാപ്പായുടെ "ആഗോള പ്രാർത്ഥനാശൃംഖലയിൽ ഇന്ന് 22 ദശലക്ഷത്തിലധികം അംഗങ്ങളുണ്ട്. പാപ്പായുടെ പ്രതിമാസ പ്രാർത്ഥനാ നിയോഗങ്ങളിലൂടെ, സഭയും മനുഷ്യരാശിയും നേരിടുന്ന പ്രധാന വെല്ലുവിളികളിലേക്ക് വിശ്വാസികളുടെ ശ്രദ്ധയും പ്രാർത്ഥനയും ക്ഷണിക്കുന്ന ഒന്നാണ് ഈ ആഗോള ആത്മീയ ശൃംഖല.കൂടിക്കാഴ്ചയ്ക്ക് ശേഷം രാവിലെ 9.15-ന് ആശ്രമത്തിനുള്ളിലെത്തുന്ന പാപ്പാ, അവിടെയുള്ള മെത്രാന്മാർ, ഫ്രാൻസിസ് അസ്സീസിയുടെ എണ്ണൂറാം ചരമവാർഷികവുമായി ബന്ധപ്പെട്ട് നടത്തപ്പെടുന്ന പരിപാടികൾ സംഘടിപ്പിക്കുന്ന ദേശീയ കമ്മറ്റി അംഗങ്ങൾ തുടങ്ങിയവരെ അഭിവാദ്യം ചെയ്യും. ❍

ചരിത്രപ്രസിദ്ധ ദേശീയ മരിയൻ തീർത്ഥാടനകേന്ദ്രമായ
വല്ലാർപാടം ബസിലിക്കയിൽ

# പരിശുദ്ധ വല്ലാർപാടത്തമ്മയുടെ
# തിരുനാൾ

**2026 സെപ്തംബർ 16 മുതൽ 24 വരെ**

**വരാപ്പുഴ അതിരൂപത**
**വല്ലാർപാടം ബൈബിൾ കൺവെൻഷൻ**
സെപ്തംബർ 6 മുതൽ 10 വരെ

**മരിയൻ തീർത്ഥാടനം**
സെപ്തംബർ 13 ഞായർ

**എട്ടാമിടം തിരുനാൾ**
സെപ്തംബർ 30, ഒക്ടോബർ 1

**പരിശുദ്ധ കുർബാനയുടെ**
**13 മണിക്കൂർ ആരാധന**
ഒക്ടോബർ 2 വെള്ളി



മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത







# നിരായുധീകരണമാണ് സമാധാനം കൊണ്ടുവരുന്നത്: ലിയോ പതിനാലാമൻ പാപ്പാ

SPECIAL REPORT

**ഫാ. സേവ്യർ പടിയാരംപറമ്പിൽ**
ഓസ്ട്രിയ



**വത്തിക്കാൻ സിറ്റി:** പത്രോസിന്റെ പിൻഗാമിയായി 2025 മെയ് 8-ന് തിരഞ്ഞെടുക്കപ്പെട്ടതുമുതൽ, സമാധാനവുമായി ബന്ധപ്പെട്ട് പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ നടത്തിയിട്ടുള്ള വിവിധ പ്രഭാഷണങ്ങളും സന്ദേശങ്ങളും അടിസ്ഥാനമാക്കി, "ആയുധരഹിതവും നിരായുധീകരിക്കുന്നതും: സമാധാനം ഒരു ദാനമാണ്" എന്ന പേരിൽ വത്തിക്കാനിലെ പുസ്തക പ്രസിദ്ധീകരണശാല ഒരു പുതിയ പുസ്തകം പുറത്തിറക്കുന്നു. സമാധാനവുമായി ബന്ധപ്പെട്ട് ലിയോ പതിനാലാമൻ പാപ്പായുടെ നിലപാടുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് "ആയുധരഹിതവും നിരായുധീകരിക്കുന്നതും: സമാധാനം ഒരു ദാനമാണ്" എന്ന പേരിൽ ഉടൻ ഒരു പുസ്തകം പുറത്തിറങ്ങുമെന്ന് "ലിബ്റേറിയ എദിത്രീച്ചെ വത്തിക്കാന" (Libreria Editrice Vaticana – LEV) എന്ന വത്തിക്കാനിലെ പുസ്തക പ്രസിദ്ധീകരണശാല അറിയിച്ചു. താൻ പത്രോസിന്റെ സിംഹാസനത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 2025 മെയ് 8 മുതൽ നാളിതുവരെ പാപ്പാ നടത്തിയിട്ടുള്ള പ്രസ്താവനകളെയും പ്രഭാഷണങ്ങളെയും അടിസ്ഥാനമാക്കിയായിരിക്കും വിവിധ ഭാഷകളിൽ ഈ പുസ്തകം പുറത്തിറങ്ങുക.

അലെസ്സാന്ദ്രോ ബാൻഫി എഡിറ്റ് ചെയ്തിട്ടുള്ള ഈ പുസ്തകത്തിൽ, പരിശുദ്ധ പിതാവ് സമാധാനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഒരു ആമുഖവും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പ്രസിദ്ധീകരണശാല അറിയിച്ചു. സാങ്കേതിക, ആയുധ രം

ഗങ്ങളിൽ വലിയ നേട്ടങ്ങൾ കൈവന്നുവെന്ന് അഭിമാനിക്കുന്ന ഇക്കാലത്തും, ആയുധങ്ങളല്ല, നിരായുധീകരണമാണ് സമാധാനം സൃഷ്ടിക്കുന്നത് എന്ന ഉദ്ബോധനമാണ് ഈ പുസ്തകം മുന്നോട്ടുവയ്ക്കുന്നത്.

ഉത്ഥിതനായ ക്രിസ്തു നൽകുന്ന സമാധാനാശംസയെക്കുറിച്ച് പരാമർശിച്ചുകൊണ്ടാണ് പാപ്പാ പുസ്തകത്തിന്റെ ആമുഖം ആരംഭിക്കുന്നത്. ഈയൊരു സമാധാനം ഉത്ഥിതൻ തന്റെ സുഹൃത്തുക്കൾക്കും ലോകം മുഴുവനുമായി നൽകുന്ന സമ്മാനമാണ്. ആയുധരഹിതനും നിരായുധീകരിക്കുന്നവനുമായ യേശു അനീതി ഏറ്റുവാങ്ങിയെന്നും, എന്നാൽ അവൻ ഉയിർത്തെഴുന്നേറ്റുവെന്നും പരിശുദ്ധപിതാവ് ഓർമ്മിപ്പിക്കുന്നുണ്ട്. ഇന്ന് ലോകമെമ്പാടും നൂറ്റിമൂന്ന് രാജ്യങ്ങളിൽ ഏതെങ്കിലും വിധത്തിലുള്ള യുദ്ധങ്ങളോ സായുധസംഘർഷങ്ങളോ നിലനിൽക്കുന്നുണ്ടെന്ന് എഴുതിയ പാപ്പാ, ഉക്രൈൻ, മദ്ധ്യപൂർവ്വദേശങ്ങൾ, സുഡാൻ, മ്യാന്മാർ, യമൻ, കോംഗോ തുടങ്ങിയ ഇടങ്ങൾ പ്രത്യേകമായി പരാമർശിച്ചു. സമാധാനം ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വമാണെന്നും, അത് മറ്റുള്ളവർക്കെതിരെ കുറ്റപ്പെടുത്തലോ വിധിപ്രസ്താവനകളോ നടത്തുന്നതിലൂടെയല്ല, സ്വന്തം ജീവിതത്തിൽനിന്നാണ് ആരംഭിക്കേണ്ടതെന്നും, ആരും യുദ്ധം നടത്തുന്നത് യുദ്ധത്തിന് വേണ്ടിയല്ലെന്നും എഴുതുന്ന പാപ്പാ, ആത്യന്തികമായി എല്ലാവരും നീതിക്കും സമാധാനത്തിനും വേണ്ടിയാണ് അഭിലഷിക്കുന്നതെന്ന് യുദ്ധങ്ങൾക്ക് കാരണമാകുന്നവർക്ക് ഉൾപ്പെടെ ഏവർക്കും അറിയാമെന്നും പാപ്പാ ഓർമ്മിപ്പിക്കുന്നുണ്ട്.

ലോകത്തിലെ വിവിധ യുദ്ധരംഗങ്ങളിലേക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്ന പാപ്പാ, ഹിരോഷിമ, നാഗസാക്കി ദുരന്തങ്ങൾ, സോവിയേറ്റ് യൂണിയന്റെ സ്റ്റാനിസ്ലാവ് പെട്രോവ് എന്ന സൈനിക ഉദ്യോഗസ്ഥൻ 1983 സെപ്റ്റംബർ 26-ന് എടുത്ത ഒരു തീരുമാനത്തിലൂടെ ന്യൂക്ലിയർ യുദ്ധം ഒഴിവാക്കിയത് തുടങ്ങിയ സംഭവങ്ങൾ പ്രത്യേകമായി പരാമർശിക്കുന്നുണ്ട്. അമേരിക്കൻ മിസൈലുകൾ എത്തുന്നുവെന്ന് സോവിയറ്റ് ഉപഗ്രഹങ്ങൾ തെറ്റായി നൽകിയ വിവരമനുസരിച്ച് പെട്രോവ് പ്രവർത്തിക്കാതിരുന്നത്, ദശലക്ഷക്കണക്കിന് മരണങ്ങളാണ് ഒഴിവാക്കിയത്. ഒരു തിരിച്ചുപോക്ക് എളുപ്പമല്ലാത്തതാക്കുന്ന സാഹസമാണ് യുദ്ധമെന്ന്, വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായെ അധികരിച്ച് ലിയോ പതിനാലാമൻ പാപ്പാ ഓർമ്മിപ്പിക്കുന്നു.

അണുവായുധങ്ങൾ പോലെയുള്ള സങ്കീർണ്ണമായ യുദ്ധസംവിധാനങ്ങളുള്ള ആധുനിക ലോകത്ത്, ആയുധങ്ങളല്ല, നിരായുധീകരണമാണ് സമാധാനം സൃഷ്ടിക്കുന്നതെന്ന് ലോകം തിരിച്ചറിയേണ്ടതുണ്ടെന്ന് പാപ്പാ എഴുതി. ആഗോളരംഗത്തെ ആയുധശേഖരണവും സൈബർ സാങ്കേതിക വിദ്യയുമുൾപ്പെടെയുള്ള യാഥാർത്ഥ്യങ്ങൾ, മാനവരാശിയുടെ ഭാവിയെക്കുറിച്ച് ഗൗരവതരമായ ചോദ്യങ്ങളാണുയർത്തുന്നതെന്നും പാപ്പാ ചൂണ്ടിക്കാട്ടി. അഹിംസയുടെ മാർഗ്ഗത്തിലൂടെ ദൈവം നമ്മെ നയിക്കട്ടെയെന്നും, വിശ്വാസികളും സന്മനസ്സിന് ഉടമകളായ മനുഷ്യരും സമാധാനസ്ഥാപനശ്രമങ്ങളുമായി മുന്നോട്ടുപോകട്ടെയെന്നും ഏവരും സമാധാനം തങ്ങളുടെ ജീവിതലക്ഷ്യമാക്കി കാണട്ടെയെന്നും പുസ്തകത്തിന് ആമുഖമായി എഴുതിയ സന്ദേശത്തിൽ പരിശുദ്ധ പിതാവ് ആശംസിച്ചു. ❍




SPECIAL REPORT

# വിശുദ്ധ കുർബാനയുടെ ആത്മീയത പരിപോഷിപ്പിക്കണം: ഏഷ്യയിലെ മെത്രാന്മാരോട് പാപ്പ

ഡോ. എഡ്‌വേർഡ് എടേഴത്ത്
യു. എസ്. എ.



ഏഷ്യൻ മെത്രാൻസമിതികളുടെ ഫെഡറേഷൻ അതിന്റെ പന്ത്രണ്ടാമത് പ്ലീനറി അസംബ്ലിയുടെ ഭാഗമായി ജക്കാർത്തയിൽ ഒരുമിച്ചുകൂടിയ അവസരത്തിൽ പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ, തന്റെ പ്രാർത്ഥനകൾ അറിയിച്ചുകൊണ്ട്, വീഡിയോ സന്ദേശം നൽകി. ജൂലൈ മാസം 20 മുതൽ 26 വരെ, ഇന്തോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടക്കുന്ന, ഏഷ്യയിലെ മെത്രാൻസമിതികളുടെ ഫെഡറേഷന്റെ പന്ത്രണ്ടാമത് പ്ലീനറി അസംബ്ലിയിൽ സംബന്ധിക്കുന്നവരെ അഭിസംബോധന ചെയ്തുകൊണ്ട്, പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ വീഡിയോ സന്ദേശം നൽകി. സമ്മേളനത്തിൽ, വിവിധ റീത്തുകളിൽ നിന്നുമായി, നൂറ്റിയിരുപതോളം ആളുകളാണ്, പങ്കെടുക്കുന്നത്. ഏഷ്യയിലെ കത്തോലിക്കാ സഭയുടെ ജീവിതത്തെയും ഭാവിയെയും ബാധിക്കുന്ന പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഏവരും ഒത്തുകൂടുമ്പോൾ, തന്റെ ആത്മീയമായ സാമീപ്യം അറിയിക്കുകയും, പരിശുദ്ധാത്മാവിന്റെ പ്രചോദനം ഏവർക്കും ആശംസിക്കുകയും ചെയ്തു. ഈ സമ്മേളനത്തിനായി തിരഞ്ഞെടുത്ത പ്രമേയം, യേശു നഥാനിയേലിനോട് പറഞ്ഞ, "നീ ഇതിലും മഹത്തരമായ കാര്യങ്ങൾ ദർശിക്കും", എന്ന വാക്കുകൾ എടുത്തു പറഞ്ഞ പാപ്പാ, പീലിപ്പോസിനെയും, നഥാനിയേലിനെയും തന്നെ അനുഗമിക്കാനും തന്റെ ശിഷ്യരാകാനും വിളിക്കുന്നതിലൂടെ, ദൈവത്തിനും മനുഷ്യരാശിക്കും ഇടയിലുള്ള ഏക മധ്യസ്ഥനായി കർത്താവ് സ്വയം എടുത്തുകാണിക്കുന്നുവെന്നു ചൂണ്ടിക്കാണിച്ചു.




## കൂട്ടായ്മയുടെ ഉറവിടം യേശുവാണ്

ഇന്ന് ഏവരും അവന്റെ ശിഷ്യന്മാരെന്ന നിലയിൽ, ദൈവത്തോടും സഹോദരങ്ങളോടുമുള്ള നമ്മുടെ കൂട്ടായ്മയുടെ ഉറവിടം കൂടിയാണ് യേശുവെന്നതും പാപ്പാ എടുത്തുപറഞ്ഞു. ക്രിസ്തീയ ഐക്യദാർഢ്യം അതിന്റെ ഉറവിടം ക്രിസ്തുവിന്റെ രഹസ്യത്തിൽ, പ്രത്യേകമായി കൂദാശകളിൽ, വിശിഷ്യാ വിശുദ്ധ കുർബാനയിൽ കണ്ടെത്തുന്നുവെന്നു, പ്രഥമ ചാക്രിക ലേഖനമായ 'മഞ്ഞീഫിക്ക ഉമാനിത്താ'സിലെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് പാപ്പാ പറഞ്ഞു. അതിനാൽ, പ്രാദേശിക സഭകളിൽ വിശുദ്ധ കുർബാനയുടെ ആത്മീയത പരിപോഷിപ്പിക്കുവാൻ പാപ്പാ ഏവരെയും ആഹ്വാനം ചെയ്തു. പ്രാദേശിക സഭകൾക്കുള്ളിലും, അവ തമ്മിലുമുള്ള കൂട്ടായ്മയുടെ ബന്ധങ്ങൾ ശക്തിപ്പെടുകയും, അപ്രകാരം, വിവിധ രാജ്യങ്ങളിൽ ദൈവസാന്നിധ്യത്തിന്റെ എക്കാലത്തെയും വലിയ അടയാളമായി മാറുകയും, അങ്ങനെ ഏഷ്യയിലുടനീളം പാലങ്ങൾ നിർമ്മിക്കുന്നവരാകുകയും ചെയ്യട്ടെയെന്നും പാപ്പാ ആശംസിച്ചു. തന്റെ അപ്പസ്തോലിക ആശീർവാദം നൽകുകയും, പരിശുദ്ധ അമ്മയുടെ മാതൃസംരക്ഷണത്തിനു ഏവരെയും സമർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ജക്കാർത്തയിൽ നടന്ന ഏഷ്യൻ മെത്രാൻ സമിതികളുടെ ഫെഡറേഷൻ (FABC) പ്ലീനറി സമ്മേളനം ഏഷ്യയിലെ സഭയെ 'പാലങ്ങൾ പണിയുന്നവരായി' മാറാൻ ആഹ്വാനം ചെയ്തു. ജൂലൈ മാസം ഇരുപതാം തീയതി, ഇന്തോനേഷ്യയിലെ ജക്കാർത്തയിൽ ആരംഭിച്ച, ഏഷ്യൻ മെത്രാൻ സമിതികളുടെ ഫെഡറേഷൻ (FABC) പ്ലീനറി സമ്മേളനം പര്യവസാനിച്ചു. സിനഡൽ പരിവർത്തനത്തിനുള്ള ആഹ്വാനം ഏവർക്കും നൽകിക്കൊണ്ടാണ്, സമ്മേളനം പൂർത്തിയായത്. "മറ്റുള്ളവർ സംശയത്തിന്റെ മതിലുകൾ പണിയുന്നിടത്ത്" വിശ്വാസത്തിന്റെയും സംഭാഷണത്തിന്റെയും പാലങ്ങൾ പണിയുവാനും; "അക്രമവും സംഘർഷവും സമൂഹങ്ങളെ വിഭജിക്കുന്നിടത്ത്" സമാധാനത്തിന്റെ പാലങ്ങൾ നിർമ്മിക്കുവാനും; "ദരിദ്രരും ദുർബലരും ഒഴിവാക്കപ്പെട്ടവരും അന്തസ്സിനായി കൊതിക്കുന്നിടത്ത്" കാരുണ്യത്തിന്റെ പാലങ്ങൾ പണിയുവാനും; "ദ്രുതഗതിയിലുള്ള സാമൂഹികവും സാങ്കേതികവുമായ മാറ്റങ്ങൾ, ആഗോള വിഘടനം, നമ്മുടെ പൊതുഭവനത്തിന് ഭീഷണിയാകുന്ന പാരിസ്ഥിതിക പ്രതിസന്ധി എന്നിവയ്ക്കിടയിൽ അർത്ഥം തേടുന്ന യുവാക്കൾക്ക്" പ്രതീക്ഷയുടെ പാലങ്ങൾ നിർമ്മിക്കുവാനും സമാപന സന്ദേശത്തിൽ മെത്രാന്മാർ ആഹ്വാനം ചെയ്തു.



## സിനഡാലിറ്റി ഒരു യാത്ര

വൈവിധ്യമാർന്ന സംസ്കാരങ്ങളെയും ജനവിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതിനായി സഭയിൽ നിരന്തരമായ 'സിനഡൽ പരിവർത്തനം' ആവശ്യമാണെന്നും, ക്രിസ്തുവിനെപ്പോലെ എല്ലാവരെയും ഒന്നിപ്പിക്കുന്ന മാധ്യമമായി സഭ മാറണമെന്നും സമ്മേളനം വിലയിരുത്തി. സിനഡാലിറ്റി എന്നത് കേവലം ഒരു പ്രവർത്തന രീതിയല്ല, മറിച്ച് മിഷനറി പ്രവർത്തനങ്ങൾക്കായി ഹൃദയങ്ങളെ പരിവർത്തനം ചെയ്യുന്ന ഒരു യാത്രയാണെന്നും സന്ദേശത്തിൽ വ്യക്തമാക്കുന്നു. ഘടനകളിലോ രേഖകളിലോ മാത്രം ഒതുങ്ങിനിൽക്കാതെ, സിനഡാലിറ്റി സഭയെ ക്രിസ്തുവിനോട് കൂടുതൽ അടുപ്പിക്കുകയും പ്രായോഗികമായ പ്രവർത്തനങ്ങളിലേക്ക് നയിക്കുകയും വേണമെന്നും, ദരിദ്രർ, യുവാക്കൾ, കുടിയേറ്റക്കാർ തുടങ്ങി സമൂഹത്തിന്റെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശബ്ദം കേൾക്കുന്നതിലൂടെ മാത്രമേ ഈ യാത്ര അർത്ഥപൂർണ്ണമാകൂ എന്നും കർദ്ദിനാൾ ഫിലിപ്പ് നേരി ഫെറാവോ തന്റെ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. ഏഷ്യൻ ഭൂഖണ്ഡം നേരിടുന്ന ധ്രുവീകരണം, പാരിസ്ഥിതിക പ്രതിസന്ധി, സാങ്കേതിക മാറ്റങ്ങൾ, സാമ്പത്തിക അസമത്വം എന്നിവ വെല്ലുവിളികൾ എന്നതിലുപരി സുവിശേഷ സാക്ഷ്യത്തിനുള്ള അവസരങ്ങളാണെന്നും, പരസ്പരമുള്ള കേൾവിയും വിവേചനവും വളർത്തിയെടുക്കുന്നതിലൂടെ മാത്രമേ സഭയിൽ യഥാർത്ഥ കൂട്ടായ്മയും പങ്കാളിത്തവും സാധ്യമാകൂ എന്നും സമ്മേളനം വിലയിരുത്തി. വിശ്വാസങ്ങൾക്കും സംസ്കാരങ്ങൾക്കും അതീതമായി സമാധാനത്തിനും നീതിക്കുമായി മറ്റുള്ളവരോടൊപ്പം തീർത്ഥാടനം നടത്താനാണ് സഭ ആഗ്രഹിക്കുന്നതെന്നും, ഇതാണ് സിനഡൽ മിഷനറി സഭ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്നും സമ്മേളനം വിലയിരുത്തി. ❍



# തകിടം മറിഞ്ഞ പ്രതീക്ഷകൾക്ക് ദൈവാശ്രയം തണലൊരുക്കുന്നു പോപ്പ് ലിയോ

**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**



**വത്തിക്കാൻ സിറ്റി:** ദൈവാശ്രയ ബോധത്തിൽ വിശ്വസിക്കുകയും ജീവിക്കുകയും ചെയ്താൽ തകിടം മറിഞ്ഞു പോയി എന്ന് കരുതി പ്രതീക്ഷ നശിച്ച അവസരങ്ങൾ നേരെ ആകുമെന്ന് വി.മത്തായിയുടെ സുവിശേഷം പതിനാറാം അദ്ധ്യായം ഇരുപത്തൊന്നു മുതൽ ഇരുപത്തി ഏഴ് വരെയുള്ള സുവിശേഷ ഭാഗത്തെ വ്യാഖ്യാനിച്ചു കൊണ്ട് ലിയോ പതിനാലാമൻ പാപ്പ പഠിപ്പിച്ചു.ജറുസലേമിലേക്ക് പോകുന്ന മിശിഹാ സഹിക്കുകയും വധിക്കപ്പെടുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യണമെന്ന (മത്താ:16:21) ആസന്നമായ പെസഹാ രഹസ്യം ശിഷ്യരോട് വെളിപ്പെടുത്തുന്ന ഈശോയേയാണ് വി.മത്തായി ശ്ലീഹ ഈ സുവിശേഷ ഭാഗത്ത് അവതരിപ്പിക്കുന്നത്. എന്നാൽ ശിഷ്യന്മാർ പ്രതീക്ഷിച്ചിരുന്ന ശത്രുക്കളെ പരാജയപ്പെടുത്തി ചവിട്ടിമെതിച്ച് ഇല്ലാതാക്കുന്ന വിജയ ശിൽപ്പിയും ശക്തനുമായ മിശിഹായെ കുറിച്ചുള്ള അവരുടെ പ്രതീക്ഷകളിൽ (സങ്കീ:24:8–10) നിന്ന് വളരെയേറെ അകലെയാണ് സഹനദാസനായി തന്നെ തന്നെ വെളിപ്പെടുത്തുന്ന ഈശോ. ശിഷ്യരുടെ ലോകോ

ത്തരമായ ഉന്നത പ്രതീക്ഷകൾ തകിടം മറിക്കുന്ന തരത്തിൽ ഈശോ പഠിപ്പിച്ചപ്പോൾ ശിഷ്യ പ്രമുഖനായ പത്രോസ് ശ്ലീഹ ഈശോയെ തടഞ്ഞു തന്റെ വിയോജിപ്പ് പ്രകടമാക്കി 'കർത്താവേ! ഇതൊരിക്കലും നിനക്ക് സംഭവിക്കാതിരിക്കട്ടെ' (മത്താ:16:22) എന്നു പറയുന്നത് ഈശോയുടെ മഹത്വത്തിലേക്കുള്ള വഴി കുരിശിലൂടെയാണെന്ന് അന്ന് ശിഷ്യർക്കു പോലും മനസ്സിലായില്ല. ലിയോ പാപ്പാ പറയുന്നത് നമ്മുടെ ജീവിതത്തിലും പലപ്പോഴും നാം ആഗ്രഹിക്കുന്ന വഴിയല്ല മറിച്ച് ദൈവം കാണിച്ചു തരുന്നതാണ് യഥാർത്ഥ രക്ഷയുടെ വഴി എന്നാണ്. ഈശോയിൽ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിനെ തിരിച്ചറിഞ്ഞ് വിശ്വാസം പ്രഖ്യാപിച്ച വി.പത്രോസ് ശ്ലീഹ (മത്തായി: 16:16) ഈശോ തന്റെ സഹനത്തേയും പീഡാനുഭവത്തേയും മരണത്തേയും കുറിച്ച് സംസാരിക്കുന്നത് കേട്ടപ്പോൾ വേദനിക്കുകയും നിരാശ പെടുകയും അസ്വസ്ഥനാകുകയും ചെയ്യുന്നു. ലിയോ പാപ്പ പറയുന്നത് പത്രോസ് ശ്ലീഹായുടെ മനസ്സിൽ ഈശോ രക്ഷകനായ മിശിഹാ ആണെന്ന് ഉറപ്പായിരുന്നു പക്ഷെ ലോകത്തെ രക്ഷിക്കുന്നത് ഇങ്ങനെയല്ല എന്നാണ്. അവന്റേത് തീർച്ചയായും ആത്മാർത്ഥമായ സ്നേഹത്താൽ പ്രചോദിതമായ ഒരു തീക്ഷ്ണതയുടെ പ്രകടനമാണ്.

പാപ്പാ പഠിപ്പിക്കുന്നതനുസരിച്ച് ഈ സംഭവം നമ്മേയും വലിയ ഒരു ആത്മപരിശോധനയിലേക്ക് നയിക്കേണ്ടതാണ്. ലിയോ പാപ്പ ചോദിക്കുന്നത് ഈശോയെ സ്നേഹിക്കുന്നു എന്ന് നാം പറയുമ്പോൾ അവിടുത്തെ വഴിയും കുരിശും സ്വീകരിക്കാൻ നമുക്ക് കഴിയുന്നുണ്ടോ?നമ്മുടെ ആഗ്രഹങ്ങൾക്കനുസരിച്ച് നാം ഈശോയെ മനസ്സിലാക്കുകയാണോ അതോ ഈശോയുടെ ഹൃദയത്തിനും ദൈവത്തിന്റെ പദ്ധതിക്കും അനുസരിച്ച് നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുകയാണോ? ദൈവത്തിന്റെ വഴികൾ മനസ്സിലാക്കുകയും ഹൃദയപൂർവ്വം സ്വീകരിക്കുകയും ചെയ്യുന്നത് എല്ലായ്പ്പോഴും അത്ര എളുപ്പമല്ല. പ്രത്യേകിച്ചും ദൈവത്തിന്റെ പദ്ധതികളും പ്രവർത്തനരീതികളും നമ്മുടെ പ്രതീക്ഷകളിൽ നിന്നും ചിന്തകളിൽ നിന്നും തികച്ചും വ്യത്യസ്തമാകുമ്പോൾ, വിശ്വാസത്തിന്റെ യുക്തിക്കു പോലും വിരുദ്ധമായി, തെറ്റു പറ്റിയത് കർത്താവിനാണോ എന്ന ചിന്ത നമ്മിൽ ഉയർന്നു വരാം അതിലും ഗുരുതരമായി, കർത്താവ് നമ്മുടെ പ്രാർത്ഥനകൾ കേൾക്കുന്നില്ല, നമ്മെ ശ്രദ്ധിക്കുന്നില്ല എന്ന തോന്നലും നമ്മെ പിടികൂടാം. ഇത്തരം അനിശ്ചിതത്വങ്ങളുടേയും ആശയക്കുഴപ്പങ്ങളുടേയും മുമ്പിൽ തന്റെ സ്വാഭാവികമായ ആവേശത്തോടും ആത്മാർത്ഥതയോടും കൂടി വി. പത്രോസ് നമ്മെ രണ്ട് സുപ്രധാന സത്യങ്ങൾ പഠിപ്പിക്കുന്നു എന്നാണ് ലിയോ പാപ്പ പഠിപ്പിക്കുന്നത്. ഒന്നാമതായി ഇത്തരം വേദന നിറഞ്ഞ സന്ദർഭങ്ങളിൽ നമ്മുടെ കർത്താവുമായുള്ള സംഭാഷണം ഒരിക്കലും മുറിയാൻ അനുവദിക്കരുത്. മറിച്ച് അവിടുന്ന് നമ്മിൽ നിന്ന് ആവശ്യപ്പെടുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ പ്രയാസപ്പെടുമ്പോൾ, ആ ആശയ കുഴപ്പവും ബുദ്ധിമുട്ടും പോലും വിശ്വാസപൂർവ്വം അവിടുത്തോട് തുറന്നു പറയണം. നമ്മുടെ സംശയങ്ങളും, വേദനകളും, മനസ്സിലാകാത്ത അനുഭവങ്ങളും കർത്താവിന്റെ മുമ്പിൽ സത്യസന്ധമായി സമർപ്പിക്കുന്നതും വിശ്വാസത്തിന്റെ തന്നെ ഭാഗമാണ്. രണ്ടാമതായി ദൈവത്തിന്റെ പ്രവർത്തനങ്ങളെ നമ്മുടെ തികച്ചും പരിമിതമായ മാനുഷിക മാനദണ്ഡങ്ങളനുസരിച്ച് വിധിക്കാൻ നാം ശ്രമിക്കരുത്. അവിടുത്തെ പ്രവർത്തനങ്ങൾ നമ്മുടെ പ്രതീക്ഷകൾക്കോ ധാരണകൾക്കോ അനുസരിച്ച് ആകാത്തപ്പോഴും, അവയിലൂടെ ദൈവം നമ്മോട് വെളിപ്പെടുത്തികൊണ്ടിരിക്കുന്ന സന്ദേശമെന്തെന്ന് പ്രാർത്ഥനാ പൂർവ്വം തിരിച്ചറിയാനും വിനയത്തോടെ ശ്രവിക്കാനും നാം സന്നദ്ധരാകണം. ദൈവത്തിന്റെ വഴികളെ നമ്മുടെ ചിന്തകൾക്ക് അനുസരിച്ച് അളക്കുന്നതിനു പകരം നമ്മുടെ ചിന്തകളെ ദൈവത്തിന്റെ വഴികൾക്കനുസരിച്ച് രൂപപ്പെടുത്തുന്നതാണ് വിശ്വാസത്തിന്റെ പക്വത. അപ്പസ്തോലന്മാരിൽ പ്രഥമനായ പത്രോസിനോട് ഈശോ പറയുന്നു: 'സാത്താനേ എന്റെ മുന്നിൽ നിന്ന്



പോക്കു' കാരണം തന്റെ പാത പിന്തുടരണമെങ്കിൽ തങ്ങളെ തന്നെ പരിത്യജിക്കുകയും സ്വന്തം കുരിശെടുത്ത് ഈശോയെ പിന്തുടരുകയും വേണം. ലിയോ പാപ്പ പറയുന്നത് ഈ വെല്ലുവിളി അംഗീകരിച്ച് ജീവിതകാലം മുഴുവൻ ഈശോയെ രക്ഷകനായി സ്വീകരിച്ച് ജീവിതാന്ത്യം വരെ വിശ്വസ്തയോടെ ജീവിക്കാനും വി. പത്രോസ് മാതൃകയാകുന്നു എന്നാണ്. ഈശോക്കു വേണ്ടി ജീവിതാന്ത്യത്തിൽ രക്തസാക്ഷിത്വം വരിച്ച വി.പത്രോസ് ശ്ലീഹ രക്ഷകനായ ഈശോയുടെ വചനങ്ങളോട് വിശ്വസ്തത പുലർത്തിയതുപോലെ നമുക്കും വിശ്വസ്തത പുലർത്തി ജീവിക്കാനാകണം എന്ന് പാപ്പ ഉൽബോധിപ്പിക്കുന്നു. ഈശോയോട് വിശ്വസ്ഥത പുലർത്തണമെങ്കിൽ നമ്മൾ നമ്മുടെ വിശ്വാസ ജീവിതത്തിലും പ്രാർത്ഥനയിലും വി.പത്രോസിന് ഉണ്ടായിരുന്ന ആത്മാർത്ഥത സ്വായത്തമാക്കണം എന്ന് പാപ്പ പഠിപ്പിക്കുന്നു. ഈ സത്യം അംഗീകരിക്കാനും സ്വീകരിക്കാനും ഉള്ള കൃപക്കായ് നമുക്ക് അപേക്ഷിക്കാം. ലിയോ പാപ്പാ ഉപദേശിക്കുന്നത് നമ്മുടെ ഹൃദയം ആശയകുഴപ്പത്തിലായിരിക്കുമ്പോൾ നാം എന്താണ് യഥാർത്ഥത്തിൽ ജീവിതത്തിൽ അനുഭവിക്കുന്നത് എന്താണെന്ന് വിനയത്തോടെ അവിടുത്തോട് തുറന്നു പറയാൻ പരിശ്രമിക്കണം എന്നാണ് ലിയോ പാപ്പാ ഉപദേശിക്കുന്നത്. അതിന് നമുക്ക് സാധിക്കണം. അതോടൊപ്പം നമ്മുടെ പ്രതീക്ഷകൾക്കപ്പുറത്തായാലും ഈശോ നമ്മോടാവശ്യപ്പെടുന്നത് എല്ലാം സ്വീകരിക്കുന്നതിൽ വി. പത്രോസ് ശ്ലീഹാക്ക് ഉണ്ടായിരുന്ന വിധേയത്വം വളർത്തിയെടുക്കാൻ നമുക്ക് സാധിക്കണം. സ്വന്തം പുത്രന്റെ ജനനം മുതൽ കുരിശു വരെ ദൈവത്തിന്റെ പദ്ധതികളോട് അനുസരണയോടെ നിലകൊണ്ട നമ്മുടെ അമ്മയായ പരി. മറിയം നമ്മെ സഹായിക്കട്ടെ. ❍



# രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളുടെ പുനർവായനയ്ക്ക് പുതുതുടക്കം

**വത്തിക്കാനിൽ ബുധനാഴ്ചകളിൽ പതിവുള്ള പൊതുകൂടിക്കാഴ്ചയുടെ പുതിയൊരു പരമ്പരയാണ് ഈ വർഷത്തിലെ ആദ്യ ബുധനാഴ്ചയായ 2026 ജനുവരി ഏഴാം തീയതി ലിയോ പതിനാലാമൻ പാപ്പാ ആരംഭിച്ചത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും അതിലെ പ്രധാന രേഖകളുടെയും പ്രാധാന്യവും സഭയിൽ അവയുടെ സാംഗത്യവും വിശകലനം ചെയ്യുന്ന ഒരു ഉദ്ബോധനപരമ്പര.**

**ഈ പ്രഭാഷണത്തിന്റെ മലയാള പരിഭാഷയാണിത് - ഭാഗം 1**

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



**സഹോദരീ സഹോദരന്മാരേ, ശുഭദിനം ! ഏവർക്കും സ്വാഗതം!**

യേശുവിന്റെ ജീവിത രഹസ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച ജൂബിലിവർഷത്തിന് ശേഷം, നമുക്ക് പുതിയൊരു ഉദ്ബോധന പരമ്പര ആരംഭിക്കാം. ഇത്, രണ്ടാം വത്തി

ക്കാൻ കൗൺസിലിനെയും അതിന്റെ രേഖകളുടെ പുനർവായനയെയും കുറിച്ചുള്ള തായിരിക്കും. സഭാത്മകമായ ഈയൊരു സംഭവത്തിന്റെ ഭംഗിയും പ്രാധാന്യവും വീണ്ടും കണ്ടെത്താനുള്ള അമൂല്യമായ ഒരു അവസരമായിരിക്കും ഇത്. 2000–ലെ ജൂബിലിയുടെ അവസാനം വിശുദ്ധ ജോൺ പോൾ രണ്ടാമൻ ഇങ്ങനെ പ്രസ്താവിച്ചു: "സഭയ്ക്ക് ഇരുപതാം നൂറ്റാണ്ടിൽ ലഭിച്ച വലിയ കൃപയെന്ന നിലയിൽ കൗൺസിലിനെ ചൂണ്ടിക്കാണിക്കാനുള്ള ഉത്തരവാദിത്വം എനിക്ക് എക്കാലത്തേക്കാളും കൂടുതലായി തോന്നുന്നു" (അപ്പ. ലേഖനം. നോവോ മില്ലേന്നിയോ ഇനെവുന്തേ, 57).

## വിശ്വാസ യാത്രയ്ക്കുള്ള നക്ഷത്രദീപ്തി

നിഖ്യ സൂനഹദോസിന്റെ വാർഷികത്തിനൊപ്പം, 2025–ൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അറുപതാം വാർഷികവും നമ്മൾ അനുസ്മരിച്ചു. ഈയൊരു സംഭവത്തിൽനിന്ന് നമ്മെ വേർതിരിക്കുന്ന സമയം അത്ര വലുതല്ലെങ്കിലും, മറുഭാഗത്ത്, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മെത്രാന്മാരുടെയും ദൈവശാസ്ത്രജ്ഞരുടെയും വിശ്വാസികളുടെയും തലമുറ ഇപ്പോഴില്ല എന്നതും സത്യമാണ്. അതുകൊണ്ടുതന്നെ, കൗൺസിൽ ഉയർത്തിയ പ്രവാചകസ്വരം ഇല്ലാതാകാതിരിക്കാനും, അത് മുന്നോട്ടുവച്ച ഉൾക്കാഴ്ചകൾ പ്രവർത്തികമാക്കുന്നതിനുള്ള വഴികൾ തേടാനുമുള്ള വിളി തിരിച്ചറിയുമ്പോൾ, പറഞ്ഞുകേട്ടതനുസരിച്ചോ, അതിനെക്കുറിച്ച് നൽകപ്പെട്ട വ്യാഖ്യാനങ്ങളിലൂടെയോ അല്ലാതെ, അതിന്റെ രേഖകൾ വീണ്ടും വായിച്ചും, അതിന്റെ ഉള്ളടക്കത്തെക്കുറിച്ച് വിചിന്തനം ചെയ്തും, അതിനെ വീണ്ടും അടുത്തുനിന്ന് അറിയുക എന്നത് പ്രധാനപ്പെട്ടതാണ്. ഇപ്പോഴും സഭയുടെ വിശ്വാസയാത്രയ്ക്ക് വഴികാട്ടുന്ന നക്ഷത്രമായിത്തുടരുന്ന ഔദ്യോഗിക ഉദ്ബോധനത്തെക്കുറിച്ചാണ് നാം സംസാരിക്കുന്നത്. ബെനഡിക്ട് പതിനാറാമൻ ഉദ്ബോധിപ്പിച്ചിരുന്നതുപോലെ, "വർഷങ്ങൾ കടന്നുപോകുന്നതുകൊണ്ട്, ഈ രേഖകളുടെ സമകാലീനത നഷ്ടപ്പെട്ടിട്ടില്ല; അവയുടെ ഉദ്ബോധനങ്ങൾ സഭയിലെ ആധുനിക സംഭവങ്ങൾക്കും, ആഗോളവത്കരിക്കപ്പെട്ട സമൂഹത്തിനും മുന്നിൽ ഏറെ പ്രാധാന്യമുള്ളവയായി കാണപ്പെടുന്നു" (2025 ഏപ്രിൽ 20–ന് കോൺക്ലേവിൽ വോട്ടവകാശമുള്ള കർദ്ദിനാൾമാർക്കൊപ്പം അർപ്പിച്ച വിശുദ്ധ ബലിക്ക് ശേഷം നൽകിയ സന്ദേശം).

## പ്രകാശം തുളുമ്പുന്ന പ്രഭാതത്തിന്റെ തുടക്കം

വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ 1962 ഒക്ടോബർ 11–ന് കൗൺസിൽ ഉദ്ഘാടനം ചെയ്തപ്പോൾ, മുഴുവൻ സഭയ്ക്കും പ്രകാശം പകരുന്ന ഒരു പുതിയ ദിവസത്തിന്റെ പ്രഭാതമായാണ് അദ്ദേഹം അതിനെ വിശേഷിപ്പിച്ചത്.എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള സഭയിൽനിന്ന് വിളിക്കപ്പെട്ട് വന്ന അനേകം സിനഡ് പിതാക്കന്മാരുടെ പ്രവർത്തനങ്ങൾ ഒരു നവമായ സഭാകാലഘട്ടത്തിനുള്ള വഴി തെളിക്കുകയായിരുന്നു.ബൈബിൾ, ദൈവശാസ്ത്ര, ആരാധനാക്രമങ്ങളെക്കുറിച്ച് പത്തൊൻപതാം നൂറ്റാണ്ടിൽ നടന്ന അർത്ഥപൂർണ്ണമായ വിചിന്തനങ്ങൾക്ക് ശേഷം, ക്രിസ്തുവിൽ നമ്മെ തന്റെ പുത്രരാകുവാൻ വിളിക്കുന്ന ഒരു പിതാവെന്ന നിലയിൽ ദൈവത്തിന്റെ മുഖം രണ്ടാം വത്തിക്കാൻ കൗൺസിൽ വീണ്ടും കണ്ടെത്തി; കൗൺസിൽ, ജനതകളുടെ പ്രകാശമായ ക്രിസ്തുവിന്റെ പ്രകാശത്തിൽ സഭയെ, ഐക്യത്തിന്റെ രഹസ്യവും, ദൈവവും അവന്റെ ജനവുമായുള്ള ഐക്യത്തിന്റെ കൂദാശയുമെന്ന നിലയിൽ നോക്കിക്കണ്ടു;രക്ഷയുടെ രഹസ്യത്തിനും, ദൈവജനത്തിന്റെ സജീവവും, തിരിച്ചറിവോടെയുമുള്ള പങ്കാളിത്തത്തിനും പ്രാധാന്യം നൽകിക്കൊണ്ട്, കൗൺസിൽ ഒരു പ്രധാനപ്പെട്ട ആരാ

ധനാക്രമനവീകരണം ആരംഭിച്ചു.അതേസമയം, മാനവികതയ്ക്ക് നേരെ തന്റെ കരങ്ങൾ തുറക്കാൻ ആഗ്രഹിക്കുന്ന ഒരു സഭയെന്ന നിലയിലും, ജനതകളുടെ പ്രതീക്ഷകളുടെയും ആശങ്കകളുടെയും പ്രതിധ്വനിയാകാൻ വേണ്ടിയും, കൂടുതൽ നീതിപൂർണ്ണവും സഹോദര്യപൂർണ്ണവുമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിൽ സഹകരിക്കാൻ വേണ്ടിയും, സംവാദങ്ങളിലൂടെയും പങ്കാളിത്ത ഉത്തരവാദിത്വത്തിലൂടെയും ആധുനിക ലോകത്തിന്റെ മാറ്റങ്ങളെയും വെല്ലുവിളികളെയും സ്വീകരിക്കാൻ വേണ്ടി ലോകത്തിലേക്ക് തുറക്കാൻ നമ്മെ ഈ കൗൺസിൽ സഹായിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ കാരണം, എക്യുമെനിസത്തിന്റെയും, മതാന്തരസംവാദങ്ങളുടെയും, സന്മനസ്സുള്ള വ്യക്തികളുമായുള്ള സംവാദങ്ങളുടെയും പാതയിലൂടെ സത്യം അന്വേഷിക്കാൻ ശ്രമിച്ചുകൊണ്ട്, സഭ വാക്കാകുകയും, സന്ദേശമാകുകയും, സംവാദമാകുകയും ചെയ്യുന്നു (വിശുദ്ധ പോൾ ആറാമൻ, ചാക്രികലേഖനം, എക്ലേസിയാം സുവാം, 67).

## വേണം ആഴവും പരപ്പുമുള്ള വിശുദ്ധി

ഈയൊരു ചിന്താഗതിയും, ഈയൊരു ആന്തരികമനോഭാവവും നമ്മുടെ അദ്ധ്യാത്മികജീവിതത്തെയും സഭയുടെ അജപാലനപ്രവർത്തനത്തെയും രൂപീകരിക്കേണ്ടതുണ്ട്, കാരണം നാം ഇനിയും, ശുശ്രൂഷാപരമായ രീതിയിൽ, കൂടുതലായി സഭാത്മകനവീകരണം യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. അതോടൊപ്പം, ആധുനികമായ വെല്ലുവിളികൾക്ക് മുന്നിൽ, നമ്മൾ കാലത്തിന്റെ അടയാളങ്ങളുടെ ശ്രദ്ധയുള്ള വ്യാഖ്യാതാക്കളായി തുടരാനും, സുവിശേഷത്തിന്റെ സന്തോഷമുള്ള പ്രഘോഷകരും, നീതിയുടെയും സമാധാനത്തിന്റെയും ധൈര്യമുള്ള സാക്ഷികളുമാകാൻ വിളിക്കപ്പെട്ടവരാണ്. വിത്തോറിയോ വേനെത്തോ രൂപതയുടെ മെത്രാനെന്ന നിലയിൽ മോൺസിഞ്ഞോർ അൽബീനോ ലൂച്യാനി എന്ന ഭാവി ജോൺ പോൾ ഒന്നാമൻ പാപ്പാ കൗൺസിലിന്റെ ആരംഭത്തിൽ പ്രവാചകസ്വരത്തിൽ ഇങ്ങനെ എഴുതി: "എന്നത്തേയും പോലെ, സംഘടനകളും മാർഗ്ഗങ്ങളും സ്ഥാപനങ്ങളുമെന്നതിനേക്കാൾ, കൂടുതൽ ആഴവും പരപ്പുമുള്ള വിശുദ്ധി സാധ്യമാക്കേണ്ടതിന്റെ ആവശ്യമാണുള്ളത്. ഒരുപക്ഷെ ഒരു കൗൺസിലിന്റെ മെച്ചപ്പെട്ടതും വർദ്ധിച്ചതുമായ ഫലങ്ങൾ കാണപ്പെടുന്നത് നൂറ്റാണ്ടുകൾക്ക് ശേഷമാകാം, അവ വൈരുദ്ധ്യങ്ങളെയും പ്രതികൂലസാഹചര്യങ്ങളെയും ബുദ്ധിമുട്ടി അതിജീവിച്ചുകൊണ്ടാകാം പാകപ്പെടുന്നത്." ഫ്രാൻസിസ് പാപ്പാ പറഞ്ഞതുപോലെ, കൗൺസിലിനെ കൂടുതലായി മനസ്സിലാക്കുന്നത്, "ദൈവത്തിനും, തന്റെ കർത്താവിനോടും അവനാൽ സ്നേഹിക്കപ്പെടുന്ന എല്ലാ മനുഷ്യരോടുമുള്ള ഭ്രാന്തമായ സ്നേഹമുള്ള ഒരു സഭയ്ക്കും പ്രമുഖ സ്ഥാനം കൊടുക്കുന്നതിന് നമ്മെ സഹായിക്കും" (രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അറുപതാം വാർഷികരംഭത്തിൽ നടത്തിയ പ്രഭാഷണം, 2022 ഒക്ടോബർ 11).

## കണ്ടുമുട്ടണം നാം മാനവികതയെ

സഹോദരീസഹോദരന്മാരെ, വിശുദ്ധ പോൾ ആറാമൻ, കൗൺസിൽ പ്രവർത്തനങ്ങളുടെ അവസാനം കൗൺസിൽ പിതാക്കന്മാരോടു പറഞ്ഞത് ഇന്ന് നമുക്കും, ഒരു മാർഗ്ഗനിർദ്ദേശമായി നിൽക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു, ഇതാ, ഭൂത, വർത്തമാന, ഭാവികാലങ്ങൾ ഒന്നുചേർന്ന കൃപയുടെ ഒരു സമയം ജീവിച്ചുവെന്ന തിരിച്ചറിവിൽ, കൗൺസിൽ അസ്സംബ്ലി കഴിഞ്ഞ്, മാനവികതയെ കണ്ടുമുട്ടാനും,




അതിന് സുവിശേഷത്തിന്റെ സദ്വാർത്ത എത്തിക്കാനുമായുള്ള യാത്രയുടെ സമയമായിരിക്കുന്നു. "ഭൂതകാലം, കാരണം, ഇവിടെ ക്രിസ്തുവിന്റെ സഭ അതിന്റെ പാരമ്പര്യങ്ങളോടും, ചരിത്രത്തോടും, സൂനഹദോസുകളോടും, പണ്ഡിതന്മാരോടും വിശുദ്ധരോടുമൊപ്പം സമ്മേളിച്ചിരിക്കുന്നു. വർത്തമാനകാലം, കാരണം നാം ഇന്നത്തെ ലോകത്തിലേക്ക് അതിന്റേതായ ദുരിതങ്ങളും ദുഃഖങ്ങളും പാപങ്ങളും മാത്രം കൊണ്ടല്ല, അതിന്റെ സമ്പന്നമായ നേട്ടങ്ങളും, അതിന്റെ മൂല്യങ്ങളും പുണ്യങ്ങളും കൊണ്ടുകൂടിയാണ് പോകുന്നത്. അവസാനമായി ഭാവികാലം, അത്, കൂടുതലായ നീതിക്ക് വേണ്ടിയുള്ള ജനതകളുടെ വലിയ അപേക്ഷയിലും, അവരുടെ സമാധാനത്തിനുവേണ്ടിയുള്ള ആഗ്രഹത്തിലും, ക്രിസ്തുവിന്റെ സഭ അവർക്ക് നൽകാൻ കഴിയുന്നതും അതിന് ആഗ്രഹിക്കുന്നതുമായ ഉന്നതമായ ഒരു ജീവിതത്തിനുവേണ്ടിയുള്ള അവരുടെ അറിഞ്ഞോ അറിയാതെയോ ഉള്ള ദാഹത്തിലുമാണ്" (വി. പോൾ ആറാമൻ, കൗൺസിൽ പിതാക്കന്മാർക്കുള്ള സന്ദേശം, 1965 ഡിസംബർ 8). നമുക്കും ഇത് ബാധകമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളോട് ചേർന്ന് നിന്നുകൊണ്ടും, അതിന്റെ പ്രവചനപരതയും പ്രസക്തിയും തിരിച്ചറിയുന്നതുവഴിയും, സഭാജീവിതത്തിന്റെ ധന്യമായ പാരമ്പര്യത്തെ നമുക്ക് സ്വീകരിക്കാം. അതേസമയം നമ്മുടെ വർത്തമാനകാലത്തെ വിശകലനം ചെയ്യുകയും, ലോകത്തിലേക്ക് ദൈവരാജ്യത്തിന്റെ, സ്നേഹത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും രാജ്യത്തിന്റെ സുവിശേഷം എത്തിക്കുന്നതിനുള്ള ആനന്ദം നവീകരിക്കുകയും ചെയ്യാം.❍



# മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ 96– മത് വാർഷികം ചെന്നൈയിൽ



മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് സെപ്റ്റംബർ 20 ചരിത്രപരമായ പുണ്യദിനമാണ്. ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെയും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന വിശ്വാസസമൂഹത്തിന്റെയും സമർപ്പണത്തിലൂടെ, 1930 സെപ്റ്റംബർ 20–ന് ആഗോള കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് പുനരൈക്യപ്പെട്ടതിന്റെ 96– മത് വാർഷികമാണ് നാം ഇപ്പോൾ ആഘോഷിക്കുന്നത്. ആഗോള കത്തോലിക്കാ സഭയുടെ സാർവത്രികതയും അന്ത്യോക്യൻ പാരമ്പര്യത്തിന്റെ പൂർണ്ണതയും ചേർന്ന ഒരു പുതിയ സഭാചരിത്രത്തിനാണ് അന്നവിടെ തുടക്കമിട്ടത്. 96–ാം പുനരൈക്യ വാർഷികം പൂന രൂപതയുടെ




ആതിഥേയത്വത്തിൽ മാർ തോമാ ശ്ലീഹയുടെ കബറിടം സ്ഥിതി ചെയ്യുന്ന തമിഴ്നാടിന്റെ തലസ്ഥാനമായ ചെന്നൈയിൽ വെച്ച് സെപ്റ്റംബർ 17, 18, 19 തീയതികളിൽ സംഘടിപ്പിക്കുകയാണ്. കേരളത്തിന്റെ അതിരുകൾ കടന്ന്, ഭാരതം മുഴുവനിലേക്കും ആഗോളതലത്തിലേക്കും സഭ എത്രത്തോളം വളർന്നു പന്തലിച്ചു എന്നതിന്റെ വ്യക്തമായ തെളിവാണ് ഇത്തവണത്തെ ആഘോഷം. വടക്കേ ഇന്ത്യയിലും തമിഴ്നാട്ടിലും മറ്റ് ഇതര സംസ്ഥാനങ്ങളിലും ഉള്ള മലങ്കര കത്തോലിക്കാ വിശ്വാസികൾക്ക് ആത്മീയമായ ഉണർവ്വും കൂട്ടായ്മയുടെ പുതുജീവനും പകർന്നുനൽകാൻ പൂന രൂപതയുടെ നേതൃത്വത്തിലുള്ള ഈ ചെന്നൈ സംഗമത്തിന് സാധിക്കുന്നു. കഠിനമായ വെല്ലുവിളികളും സാമ്പത്തിക-സാമൂഹിക പ്രയാസങ്ങളും നിറഞ്ഞതായിരുന്നു മാർ ഇവാനിയോസ് പിതാവിന്റെ പുനരൈക്യ യാത്ര. "എല്ലാം നഷ്ടപ്പെട്ടാലും സഭയുടെ ഐക്യവും സത്യവും കാത്തുസൂക്ഷിക്കണം" എന്ന ദൈവീക ദർശനമാണ് അദ്ദേഹത്തെ മുന്നോട്ട് നയിച്ചത്. വെറുമൊരു വസ്ത്രവും കൈക്കുരിശുമായി സഭയെ പുനർനിർമ്മിച്ച ആ തപസ്വി, മാർത്തോമ്മാ നസ്രാണികളുടെ പൂർവ്വീക പാരമ്പര്യത്തെയും റോമാ സിംഹാസനവുമായുള്ള കൂട്ടായ്മയെയും ഒരുമിപ്പിച്ചു. പിതാവിന്റെ വിശുദ്ധിയും ദീർഘവീക്ഷണവുമാണ് ഇന്ന് ലോകമെമ്പാടും പടർന്നുപന്തലിച്ചു നിൽക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അടിത്തറ. പുനരൈക്യ വാർഷികം ആഘോഷിക്കുമ്പോൾ അത് വെറുമൊരു ചരിത്രസ്മരണ മാത്രമായി ഒതുങ്ങരുത്. മാറുന്ന ലോകത്തിൽ വിശ്വാസവും പാരമ്പര്യവും എങ്ങനെ മുറുകെപ്പിടിക്കാം എന്നതിനെക്കുറിച്ചുള്ള ആത്മപരിശോധനയാണിത്: വ്യത്യസ്ത സംസ്കാരങ്ങളിലും സ്ഥലങ്ങളിലും ജീവിക്കുമ്പോഴും മലങ്കര സഭയുടെ തനിമയും ആരാധനാക്രമവും കാത്തുസൂക്ഷിക്കേണ്ടതുണ്ട്. മാർ ഇവാനിയോസ് പിതാവ് കാണിച്ചു തന്ന വിദ്യാഭ്യാസ, സാമൂഹിക, കാരുണ്യ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമായി മുന്നോട്ട് കൊണ്ടുപോകുവാനും . ക്രിസ്തീയ സഭകളുടെ പൂർണ്ണമായ ഐക്യത്തിനായി തുടർച്ചയായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ. മലങ്കര മക്കൾക്ക് കടമയുണ്ട്. 96 വർഷങ്ങൾക്ക് മുൻപ് മാർ ഇവാനിയോസ് പിതാവ് കൊളുത്തിയ ആത്മീയ ദീപം ഇന്ന് ചെന്നൈയുടെ മണ്ണിൽ, പൂന രൂപതയുടെ ആതിഥേയത്വത്തിൽ കൂടുതൽ ശോഭയോടെ ജ്വലിക്കുകയാണ്. ഈ വാർഷികാഘോഷം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഓരോ അംഗത്തിനും സഭാസ്നേഹത്തിലും വിശുദ്ധിയിലും കൂടുതൽ വളരാൻ പ്രചോദനമാകട്ടെ. ❍



**വി. സി. ജോർജ്കുട്ടി**

ജനറൽ സെക്രട്ടറി കെ. സി. എഫ്.

# Malankara Syrian Catholic Church

## Eparchy of St. Ephrem, Khadki-Pune

*"That they may all be one." (John 17:21)*



# 96th REUNION DAY CELEBRATION



**2026 SEPTEMBER 17-19**

**Thursday | Friday | Saturday**

**Mar Ivanios Nagar**
**(Mar Gregorios College Campus)**
**Mogappair, Chennai**





# പൗരാണിക പ്രൗഢിയിൽ കൊല്ലം രൂപത



വിശുദ്ധ തോമാ ശ്ലീഹായുടെ കാലത്ത് കേരളം ഭരിച്ചിരുന്നത് ഒന്നാം ചേരവംശരാജാക്കൻമാരായിരുന്നു. ചേര വംശരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു കൊല്ലം. അന്ന് ദക്ഷിണേന്ത്യൻ സംസ്കാരത്തിന്റെ അറിയപ്പെടുന്ന കേന്ദ്രമായിരുന്നു കൊല്ലം. പ്രശസ്ത വ്യാപാര കേന്ദ്രമായിരുന്ന കൊല്ലത്തുനിന്നും കുരുമുളകും സുഗന്ധദ്രവ്യങ്ങളും ധാരാളമായി കയറ്റുമതി ചെയ്തിരുന്നു. അക്കാലത്ത് ചേരരാജ്യത്തിന്റെ മതം പ്രധാനമായും ക്രിസ്തുമതമാണെന്നു കരുതുന്നു..കൊല്ലം ആസ്ഥാനമായി ഭരണം നടത്തുകയും പള്ളികൾ സ്ഥാപിക്കുകയും ക്രൈസ്തവദർശന പ്രകാരമുള്ള ബലികൾ അർപ്പിക്കുകയും ചെയ്ത ചേരരാജാക്കൻമാരും കൊല്ലം ജനതയും ക്രിസ്ത്യാനികളാണെന്ന് കരുതുന്ന ചരിത്രകാരൻമാരുമുണ്ട്. എഡി 825 ൽ പേർഷ്യയിൽ നിന്ന് വ്യാപാരത്തിനായി കൊല്ലത്തെത്തിയ മറുവൻ സപ്പീർ ഈശോയും അദ്ദേഹത്തോടൊപ്പമെത്തിയ പേർഷ്യൻ മെത്രാൻമാരായ മർസപോറും മാർ പ്രോത്തും കൊല്ലത്തു തേവള്ളിയിൽ അവരുടെ മെത്രാസന പള്ളിയായ തരീസ്സാപ്പള്ളി സ്ഥാപിച്ചതായി രേഖകളുണ്ട്. തരീസ്സാപ്പള്ളി ആരാധനാലയം മാത്രമായിരുന്നില്ല, മെത്രാസനപ്പള്ളി ആയിരുന്നു. അതിനാൽ മെത്രാസനത്തിന്റെ ആരംഭത്തെ സൂചിപ്പിക്കുവാനാണ് കൊല്ലവർഷം ആരംഭിച്ചതെന്ന വാദത്തിനു പ്രസക്തിയേറുന്നു. കൊല്ലം ക്രിസ്ത്യാനികളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു ചരിത്രരേഖയാണ് തെരീസാപ്പള്ളി കോപ്പർ പ്ലേറ്റ്. എഡി 849 ൽ കൊല്ലത്തെ ക്രിസ്ത്യാനികൾക്കും തെരേസാപ്പള്ളിക്കും



**തെരേസ പള്ളി താമ്ര ശാസനം**

സാമൂഹികവും രാഷ്ട്രീയവുമായ അവകാശം നൽകിക്കൊണ്ട് കൊല്ലം രാജാവ് അയ്യനടികൾ നൽകിയതാണ് തെരീസ്സാപ്പള്ളികോപ്പർ പ്ലേറ്റ് (താമ്രശാസനം) അയ്യനടികൾക്ക് തെരീസ്സാപ്പള്ളി സ്വാമിയോട് ഉണ്ടായിരുന്ന ആദരം ഈയേടിൽ പ്രകടമാണ്. കോപ്പർപ്ലേറ്റിന്റെ ഒരു ഭാഗം ഇന്ന് കോട്ടയം ദേവലോകം അരമനയിലും മറ്റൊരു ഭാഗം തിരുവല്ല മാർത്തോമാ സിറിയൻ ചർച്ചിലുമാണ് സൂക്ഷിച്ചിരിക്കുന്നത്. മാർപ്പാപ്പ ഏഷ്യയിലേക്ക് അയക്കുന്ന ആദ്യത്തെ മിഷനറിയാണ് മോൺ ഡി കോർവിനോയിലെ ജോൺ. 13 മാസത്തോളം കൊല്ലത്ത് താമസിച്ച് നിരവധി പേർക്ക് മാമോദീസ നൽകിയ അദ്ദേഹത്തെ പിൽക്കാലത്ത് മാർപ്പാപ്പ ചൈനയിലെ പീക്കിംഗിലെ ആർച്ച് ബിഷപ്പായി ഉയർത്തി . 1336 ൽ ബോംബെയിൽ വച്ച് കൊല്ലം രൂപതാ പ്രഥമ മെത്രാൻ വധിക്കപ്പെട്ടശേഷം ഏതാണ്ട് 500 വർഷക്കാലം കൊല്ലം രൂപത കൊച്ചി രൂപതയുടെ ഭാഗമായും അതിനുശേഷം മലബാർ വികാരിയേറ്റിന്റെ ഭാഗമായും പ്രവർത്തിച്ചു. 1845 ൽ മാർപ്പാപ്പ സ്വതന്ത്ര വികാരിയേറ്റ് പദവി നൽകി കൊല്ലത്തെ അനുഗ്രഹിച്ചു. 1886 സെപ്റ്റംബർ ഒന്നിന് പോപ്പ് ലിയോ പതിമൂന്നാമൻ കൊല്ലം രൂപതയെ വീണ്ടും പുനസ്ഥാപിച്ചു. ആദിമക്രൈസ്തവർ അനുഭവിച്ചതുപോലുള്ള ഭീകര മത പീഡനമാണ് 1808 ൽ കൊല്ലം ക്രൈസ്തവർക്കും നേരിടേണ്ടി വന്നത് വർഗീയ ലഹളയിൽ തകർന്നുപോയ തരിസ്സാപ്പള്ളി നിന്ന സ്ഥലത്താണ് ഇന്നു നാം കാണുന്ന തേവള്ളിക്കൊട്ടാരം ഉയർന്നുവന്നത്. പിൽക്കാലത്ത് അഗ്നിക്കിരയായ തരിസാപള്ളി പ്രശ്നം ഉയർന്നുവന്നു. അന്നത്തെ തിരുവിതാംകൂർ രാജാവുമായി കൊല്ലം ബിഷപ്പ് ഫെർഡിനാന്റ് ഓസി നടത്തിയ ചർച്ചകളുടെ ഫലമായി അഗ്നിക്കിരയായ തരിസ്സാപ്പള്ളിക്കു പകരം രാജാവിൽ നിന്നും ലഭിച്ച സ്ഥലമാണ് ഇന്ന് ബിഷപ്പ് ജറോം നഗർ നിൽക്കുന്ന 2 ഏക്കർ ഏഴ് സെന്റ് ഭൂമി. ❍



**പ്രൊഫ. എസ് വർഗ്ഗീസ്**
**(അൽമായ കമ്മീഷൻ സെക്രട്ടറി കൊല്ലം രൂപത)**

2026 സെപ്റ്റംബർ 13 ഞായർ

**03 pm കിഴക്കൻ മേഖല തീർത്ഥാടനം**

(എറണാകുളം വി. ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ അങ്കണത്തിൽ നിന്ന് ആരംഭിക്കുന്നു. )

**3.30 pm പടിഞ്ഞാറൻ മേഖല തീർത്ഥാടനം**

(വൈപ്പിൻ - വല്ലാർപാടം ഗോശ്രീ ജംഗ്ഷനിൽ നിന്ന് ആരംഭിക്കുന്നു )

**4.30 pm**

**പൊന്തിഫിക്കൽ ദിവ്യബലി**

മുഖ്യകാർമ്മികൻ :

**മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**

( വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത )

വചനപ്രഘോഷണം.

**റൈറ്റ് റവ. ഡോ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ**

(വിജയപുരം രൂപത സഹായ മെത്രാൻ)

മുഖ്യ സഹകാർമ്മികൻ :

**റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കൽ**

( വരാപ്പുഴ അതിരൂപത സഹായ മെത്രാൻ )

**പൊതുഅടിമസമർപ്പണം**

**സ്നേഹവിരുന്ന്**



# 23-ാമത് വല്ലാർപാടം മരിയൻ തീർത്ഥാടനം

**2026 സെപ്റ്റംബർ 13 ഞായർ 3 pm**

**വല്ലാർപാടം ബൈബിൾ കൺവെൻഷൻ**
**2026 സെപ്റ്റംബർ 6 മുതൽ 10 വരെ**

**തിരുനാൾ ദിനങ്ങൾ : സെപ്റ്റംബർ 16 മുതൽ 24 വരെ**
**എട്ടാമിടം : സെപ്റ്റംബർ 30, ഒക്ടോബർ 01**


15 YEARS ANNIVERSARY CELEBRATION OFFER

**15-ാം വാർഷിക മഹാ ഓഫർ!**

**പൾസേറ്റർ വാങ്ങുന്നവർക്ക്**

**Chant System** (ആംപ്ലിഫയറും സ്പീക്കർ ഫോണും ഒഴികെ) + 3000 രൂപ വിലയുള്ള **Touchless Holy Water Dispenser** + 1300 രൂപ വിലയുള്ള **Thuricoal + Mini Heater**

**സൗജന്യം**

**MADONNA ELECTRONICS**
**Kochi, Kerala. Mob : 9895399881**

**PULSATOR** | പള്ളിമണിയുടെ പാരമ്പര്യനാദത്തിന് വിശ്വസനീയമായ ഓട്ടോമേഷൻ



# അജപാലന ശുശ്രൂഷയുടെ മറ്റൊരു മാനം കാണിച്ചു തന്ന വന്ദ്യ വൈദികൻ

**ഫാ. തോമസ് വള്ളിയാനിപ്പുറം**



ചങ്ങനാശ്ശേരി അതിരൂപതയിലെ "കാനാ'യിൽ അത്യപൂർവമായ അജപാലന ശുശ്രൂഷയുടെ മറ്റൊരു മാനം കാണിച്ചുതന്ന ഫാ. തോമസ് കൊച്ചുതറ (81) യുടെ വിയോഗം ആകസ്മികമായിരുന്നു. 2026 ജൂലൈ 7-ന് മാമ്മൂട് ദേവാലയത്തിൽ അജപാലന ശുശ്രൂഷ നടത്തിവരുമ്പോഴായിരുന്നു തോമസച്ചന്റെ വിയോഗം.

ചമ്പക്കുളം ഫൊറോനയിൽപെട്ട പടഹാരം സെന്റ് ജോസഫ്സ് ഇടവകയിൽ 1945 മാർച്ച് 3-ന് ജനിച്ച തോമസച്ചൻ 1972 ഡിസംബർ 23-ന് തിരുപ്പട്ടം സ്വീകരിച്ചു. ബെൽജിയത്തെ ലൂവൈൻ സർവകലാശാലയിൽനിന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം പിൽക്കാലത്ത് സെമിനാരി റെക്ടറായി നിയമിതനായി. സെമിനാരിയിൽനിന്ന് വിരമിച്ചശേഷം "കാനാ'യിൽ ഡയറക്ടറായി. അഞ്ച് വർഷത്തിനുള്ളിൽ "കാനാ'യുടെ അത്ഭുതപൂർവമായ വളർച്ചയ്ക്ക് അദ്ദേഹം നേതൃത്വം നൽകി. വലിയൊരു ശിഷ്യസമ്പത്തുള്ള ഫാ. തോമസ് രചിച്ച "Christianity and Tribal Societies of North India" എന്ന ബൃഹത് ഗ്രന്ഥം സഭയ്ക്ക് ലഭിച്ച അതുല്യ സംഭാവനയാണ്. സത്നാ സെമിനാരിയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന എഫ്രേംസ് തിയോളജിക്കൽ ജേർണലിന്റെയും കാനായിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ഇന്ത്യൻ ഫാമിലി സ്റ്റഡീസിന്റെയും ചീഫ് എഡിറ്ററായി ദീർഘകാലം അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇംഗ്ലീഷിലും മലയാളത്തിലും അതിമനോഹരമായി പ്രസംഗിച്ചിരുന്ന അദ്ദേഹം സ്വന്തം പാണ്ഡിത്യത്തിന്റെ ദന്തഗോപുരവാസിയായിരുന്നില്ല. സേവനമനുഷ്ഠിച്ച ഇടവകകളിലെല്ലാം അജഗണങ്ങളുമായി സ്നേഹമയമായി ഇടപഴകിയിരുന്ന തോമസച്ചന്റെ വേർപാട് ചങ്ങനാശ്ശേരി അതിരൂപതയ്ക്കും കേരളസഭയ്ക്കും തീരാനഷ്ടമാണ്.❍



ഓർമ്മ ആദരം

# തിരുവോസ്തിയിൽ യേശുവിന്റെ തിരുമുഖം ദർശിച്ച അനുഗൃഹീത വൈദികൻ

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**



ഈശോയുടെ തിരുമുഖം പതിഞ്ഞ തിരുവോസ്തി ആദ്യമായി കരങ്ങളിലേന്തിയ ഫാ. തോമസ് പതിക്കൽ (73) 2026 ജൂലൈ 21-ന് നിര്യാതനായി. തലശ്ശേരി അതിരൂപതയിൽപെട്ട വിളക്കന്നൂർ ക്രിസ്തുരാജ ദേവാലയ വികാരിയായിരിക്കവേയാണ് ഈ വന്ദ്യവൈദികന് തിരുവോസ്തിയിൽ ഈശോയുടെ തിരുമുഖം ദർശിക്കാനായത്. ദൈവവിളികളാൽ സമ്പന്നമായ പാലാ രൂപതയിലെ കൊഴുവനാൽ ഇടവകയിൽ പതിക്കൽ ജോൺ-അന്നമ്മ ദമ്പതികളുടെ മകനായി 1953 ഏപ്രിൽ 16-നാണ് തോമസച്ചന്റെ ജനനം. പാലായിൽനിന്ന് തലശ്ശേരി അതിരൂപതയിൽപെട്ട കിളിയന്തറയിലേക്കാണ് അച്ചന്റെ കുടുംബം കുടിയേറിയത്. 1978 മാർച്ച് 14-ന് കിളിയന്തറ സെന്റ് മേരീസ് ദേവാലയത്തിൽവച്ച് തിരുപ്പട്ടം സ്വീകരിച്ചു. തലശ്ശേരി അതിരൂപതയിൽപെട്ട നിരവധി ഇടവകകളിൽ വികാരിയായും അസി. വികാരിയായും സേവനമനുഷ്ഠിക്കുകയുണ്ടായി. പല ദേവാലയങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അച്ചൻ നേതൃത്വം നൽകി. 2013 നവംബർ 13-ന് വിളക്കന്നൂരിലെ ദേവാലയത്തിലെ പ്രഭാത ദിവ്യബലിയിലാണ് തിരുവോസ്തിയിൽ ഈശോയുടെ തിരുമുഖം കാണാനായത്. തിരുവോസ്തിയിലെ ദിവ്യകാരുണ്യ അടയാളം പിൽക്കാലത്ത് സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചു. അച്ചന് അന്ത്യവിശ്രമമൊരുക്കാൻ സഭാധികൃതർ നിശ്ചയിച്ചത് വിളക്കന്നൂരിലെ മണ്ണിലാണെന്നതും മറ്റൊരു ദൈവനിയോഗമാണ്.❍



# ബ്രദർ ആന്റണി രത്തിന സ്വാമി: മരിയഭക്തിയുടെ പതാകവാഹകൻ

**രതീഷ് ഭജനമഠം, ആലപ്പുഴ**



ആലപ്പുഴ രൂപതാ സമൂഹത്തിൽ നിന്നുള്ള ഏറ്റവും തീക്ഷ്ണമതിയായ പ്രേഷിത പ്രവർത്തകനായിരുന്ന ബ്രദർ ആന്റണി രത്തിനസ്വാമി. മരിയൻ സംഘടനയായ ലീജിയൻ ഓഫ് മേരിയിലും ദമ്പതികൾക്കായുള്ള "ടീംസ് ഓഫ് ഔവർ ലേഡി" യിലും മറ്റ് അല്മായ പ്രേഷിത സംഘടനകളിലും അദ്ദേഹം സജീവമായും മാതൃകാപരമായും പ്രവർത്തിച്ചിരുന്നു. ഈ സംഘടനകളുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുവാനും രൂപതാ തലത്തിലും കേരള സഭയിലും പ്രചരിപ്പിക്കുവാനും അദ്ദേഹം നിതാന്ത പരിശ്രമങ്ങളാണ് നടത്തിയിരുന്നത്. ലീജിയൻ ഓഫ് മേരി എന്ന് കേട്ടാൽ പഴയ തലമുറയുടെ മനസ്സിൽ ആദ്യം രത്തിനസ്വാമിയുടെ ചിത്രമാണ് കടന്നുവരിക. അത്രത്തോളം ആ മരിയൻ സംഘടന, ആലപ്പുഴയിൽ ആരംഭിച്ച കാലം മുതൽ കേരളസഭയിൽ മുഴുവൻ പ്രചരിപ്പിക്കുവാൻ വേണ്ടി അദ്ദേഹം ജീവിതാവസാനം വരെ കർമ്മധീരനായി പ്രവർത്തിച്ചിരുന്നു. ആലപ്പുഴ മൗണ്ട് കാർമ്മൽ ഇടവകയിലെ മാർക്കറ്റ്വാർഡിലെ ലത്തീൻപള്ളി പറമ്പിൽ ഭവനത്തിലെ ആന്റണി പിള്ള – അന്തോനി അമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനായി 1925 ആഗസ്റ്റ് 5–ന് ആന്റണി രത്തിനസ്വാമി ജനിച്ചു. വിശ്വാസവഴിയെ ആഴപ്പെട്ട് വളർന്ന രത്തിനസ്വാമി ആലപ്പുഴ ലെയോ തെർട്ടിന്ത് ഹൈസ്കൂളിലെ പഠനശേഷം ആലപ്പുഴ സനാതന ധർമ്മ കോളേജിൽ നിന്നും ബി.കോ പഠനം ഉന്നതമായ നിലയിൽ വിജയിച്ചു. തുടർന്ന് കുറച്ചുകാലം ലെയോ തെർട്ടിന്ത് സ്കൂളിൽ ഓഫീസ് ജോലി നിർവഹിച്ച തുടർന്ന് ആലപ്പുഴയിലെ എ.വി.തോമസ് കമ്പനിയിൽ ജോലിയിൽ പ്രവേശിച്ച് ദീർഘകാലം അക്കൗണ്ടന്റായി ജോലി ചെയ്തു.



പരിശുദ്ധ പിതാവ് ലിയോ 14-ാമൻ മാർപാപ്പാ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെയും മറ്റ് അഭിവന്ദ്യ പിതാക്കന്മാരുടെയും യു.കെ.-യൂറോപ്പ് കൺവെൻഷൻ പ്രതിനിധികളുടെയും സാന്നിധ്യത്തിൽ At the Service of Communion and Mission-The Legacy and Life of the Syro-Malankara Major Archiepiscopal Church എന്ന ബൃഹത് ഗ്രന്ഥം പ്രകാശനം ചെയ്തപ്പോൾ.

ഒരു സ്വകാര്യ സ്ഥാപനത്തിലെ ജോലിക്കിടയിലാണ് അദ്ദേഹം തീക്ഷ്ണമതിയായ പ്രേഷിതനായി പ്രവർത്തിച്ചത്. ലിജിയന്റെ പ്രചരണത്തിനായി മിഷൻ ചൈതന്യത്തോടെ നിരവധി യാത്രകളാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. ഗതാഗത സൗകര്യങ്ങൾ തീരെ കുറവായിരുന്ന മലമ്പ്രദേശങ്ങളിൽ കാൽനടയായിട്ടാണ് അദ്ദേഹം എത്തിയിരുന്നത്. 1963 ജനുവരി 30 നായിരുന്നു ബ്രദറിന്റെ വിവാഹം. അന്നമ്മയാണ് സഹധർമ്മിണി. തുടർന്ന് ഇരുവരും ചേർന്നാണ് പ്രേഷിതപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. കത്തോലിക്കാ ദമ്പതികൾക്ക് വേണ്ടി ഫാ. ഹെൻട്രി കാഫറേൽ (1903-1996) 1938-ൽ പാരീസിൽ ആരംഭിച്ച "ടീംസ് ഓഫ് ഔവർ ലേഡി" എന്ന സംഘടനയുടെ പ്രചരണത്തിനായി ഈ മാതൃക ദമ്പതികൾ കേരളത്തിലെ എല്ലാ രൂപതകളിലും സന്ദർശനം നടത്തിയിരുന്നു. തിരുസഭയ്ക്കുവേണ്ടി നിരവധി ത്യാഗോജ്ജ്വലമായ സേവനങ്ങൾ അർപ്പിച്ച ബ്രദർ എ. രത്തിനസ്വാമിയ്ക്ക് 1982 നവംബറിൽ ജോൺ പോൾ രണ്ടാമൻ പാപ്പായിൽ നിന്നും "പ്രോ എക്ലേസിയാ എത്ത് പൊന്തിഫീച്ചേ" എന്ന പേപ്പൽ ബഹുമതി ലഭിച്ചു. 1991 ജൂൺ 12-ന് ദിവംഗതനായ ആ മാതൃക അല്മായപ്രേഷിതനെ ആലപ്പുഴ മൗണ്ട് കാർമൽ കത്തീഡ്രൽ സെമിത്തേരിയിലാണ് സംസ്കരിച്ചത്. ബ്രദർ ആന്റണി രത്തിനസ്വാമിയുടെ ജന്മശതാബ്ദിയുടെ ഈ അവസരത്തിൽ ആ മാതൃകാ പ്രേഷിതന്റെ പാവനസ്മരണയ്ക്ക് പ്രണാമം. ❍




# ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണം : കെസിഎഫ്

കൊച്ചി: ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കേരള കാത്തലിക് ഫെഡറേഷൻ (കെസിഎഫ്) സംസ്ഥാന വാർഷിക ജനറൽ അസംബ്ലി ആവശ്യപ്പെട്ടു. വന്യജീവി ആക്രമണം ഉൾപ്പെടെയുള്ള മലയോര ജനത നേരിടുന്ന പ്രശ്നങ്ങൾക്ക പരിഹാരം കാണണമെന്നും മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി പുനഃസ്ഥാപിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

സിബിസിഐ അൽമായ കമ്മീഷൻ സെക്രട്ടറി അഡ്വ. ഏബ്രാഹം പട്യാനി യോഗം ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ജെയ്മോൻ തോട്ടുപുറം അധ്യക്ഷത വഹിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. തോമസ് തറയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി വി.സി. ജോർജ്ജ് കുട്ടി, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി പ്രൊഫ. ജോസുകുട്ടി ഒഴുകയിൽ, എംസിഎ ഗ്ലോബൽ പ്രസിഡന്റ് എസ്. ആർ. ബൈജു, കെഎൽസിഎ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ് , കെആർഎൽസിസി വൈസ് പ്രസിഡന്റ് ജോസഫ് ജൂഡ് , കെഎൽസിഎ ജനറൽ സെക്രട്ടറി ബിജു ജോസി കരുമാഞ്ചേരി, കെസിഎഫ് ട്രഷറർ അഡ്വ. ബിജു കുണ്ടുകുളം, എറണാകുളം ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഷാജി ജോർജ് എന്നിവർ പ്രസംഗിച്ചു.പുതിയ സംസ്ഥാന പ്രസിഡന്റായി ആലപ്പുഴ രൂപതംഗം ബിജു ജോസി കരുമാഞ്ചേരിയെ അസംബ്ലി തിരഞ്ഞെടുത്തു. ഷെവലിയർ പദവി ലഭിച്ച അഡ്വ. ബിജു കുണ്ടുകുളം, സിബിസിഐ അൽമായ കൗൺസിൽ സെക്രട്ടറി അഡ്വ എബ്രാഹം പട്യാനി, ഗവൺമെന്റ് സ്പെഷ്യൽ പ്ലീഡർ അഡ്വ. ഷെറി ജെ. തോമസ്, എറണാകുളം ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഷാജി ജോർജ്ജ് എന്നിവരെ ആദരിച്ചു. കത്തോലിക്കാ കോൺഗ്രസ്, കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെഎൽസിഎ), മലങ്കര കാത്തലിക് അസോസിയേഷൻ (എംസിഎ) എന്നീ അംഗസംഘടനകളുടെ പ്രതിനിധികൾ അസംബ്ലിയിൽ പങ്കെടുത്തു. ❍



ബിജു ജോസി കരുമാഞ്ചേരി

# ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ സുവിശേഷവൽക്കരണ ഡിക്കാസ്ട്രി അംഗം



കൊച്ചി: വരാപ്പുഴ അതിരൂപത മെത്രോപ്പോളിറ്റൻ ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപറമ്പിലെ വത്തിക്കാനിലെ സുവിശേഷ വൽക്കരണ ഡിക്കാസ്ട്രിയിലെ അംഗമായി വീണ്ടും ലെയോ പതിനാലാമൻ പാപ്പാ നിയമിച്ചു. അഞ്ചുവർഷത്തെ കാലാവധിയിലേക്കാണ് പുതിയ നിയമനം. പാപ്പായുടെ നിയമന ഉത്തരവ് വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയേത്രോ പരോളിൻ ആർച്ച് ബിഷപ്പിനെ അറിയിച്ചു. പ്രഥമ സുവിശേഷ വൽക്കരണത്തിന്റെയും പുതിയ പ്രാദേശിക സഭകളുടെയും വിഭാഗത്തിലേക്കാണ് പാപ്പ ആർച്ച്ബിഷപ്പിനെ നിയമിച്ചിരിക്കുന്നത്. ആഗോള സഭയുടെ സുവിശേഷ വൽക്കരണ ദൗത്യത്തിലും മിഷൻ പ്രവർത്തനങ്ങളിലും അദ്ദേഹം തുടർന്നും പ്രധാന പങ്ക് വഹിക്കും. 2020 നവംബറിലാണ് ഭാഗ്യസ്മരണാർഹനായ ആയ ഫ്രാൻസിസ് പാപ്പ ആർച്ച് ബിഷപ്പ് ഡോ.ജോസഫ് കളത്തിപറമ്പിലിനെ ഡികാസ്ട്രിയിൽ ആദ്യമായി നിയമിച്ചത്. സുവിശേഷ വൽക്കരണം, സഭയുടെ നയതന്ത്രം,കാനോൻ നിയമം എന്നിവയിലുള്ള ആർച്ച്ബിഷപ്പിന്റെ അഗാധ പരിജ്ഞാനം കണക്കിലെടുത്താണ് ഈ പുതിയ നിയമനം.വത്തിക്കാനിലെ സെൻറ് പോൾസ് പൊന്തിഫിക്കൽ കോളജിന്റെ വൈസ് റെക്ടറും,പിന്നീട് കോഴിക്കോട് രൂപതയുടെ രണ്ടാമത്തെ തദ്ദേശീയ മെത്രാനും തുടർന്ന് വത്തിക്കാനിലെ പ്രവാസികൾക്കും കുടിയേറ്റക്കാർക്കും ആയിട്ടുള്ള ഡിക്കാസ്ട്രിയിലെ സെക്രട്ടറിയായും തുടർന്ന് ഇപ്പോൾ സുവിശേഷ വൽക്കരണ ഡിക്കാസ്ട്രിയിൽ അംഗമായി രണ്ടാമതും നിയമിക്കപ്പെട്ടിരിക്കുകയാണ് ഡോ.ജോസഫ് കളത്തിപറമ്പിൽ പിതാവ്. ❍







# വചനം

## ജീവിതസാക്ഷ്യമാകണം നാം

വാർത്ത

ആന്റണി ചടയംമുറി

ദൈവാരാധനാകേന്ദ്രങ്ങളിൽ പലതിലും വിവാദങ്ങളുടെ പുക പടരുന്ന കാലഘട്ടമാണിത്. മതങ്ങളിലെ 'ആത്മീയത' നിശ്ശബ്ദമാക്കപ്പെടുകയും 'ആഘോഷപരത' കൂടുതൽ താലോലിക്കപ്പെടുകയുമാണ് ഇന്ന്. ഈ കാലഘട്ടത്തിൽ കേരളത്തിൽ ജാതിമത ഭേദമന്യേ പൊതുസമൂഹത്തിൽ ക്രിസ്തു വചനങ്ങൾ രാഷ്ട്രീയ നേതാക്കൾ പോലും പരസ്യമായി ഉദ്ധരിക്കുന്നു. അതുകൊണ്ടുതന്നെ ഈ വചനങ്ങളെ സ്വന്തം ജീവിതസാക്ഷ്യങ്ങൾ കൊണ്ട് സാക്ഷാത്കരിക്കേണ്ട കടമയിൽ നിന്ന് ക്രൈസ്തവരായ നമുക്ക് മാറിനിൽക്കാനാവില്ല. ഇടറിപ്പോയ ജീവിതാവസ്ഥകളെ ക്രൈസ്തവരുടെ ജീവിതപരിസരങ്ങളിൽ നാം കണ്ടെത്തണം. അത് ശിക്ഷിക്കാനാകരുത്. പകരം ദൈവത്തിലേക്ക് ഇടറിപ്പോയവരുടെ സമൂഹത്തിൽ അണിചേർന്നുള്ള പശ്ചാത്താപ പരിദേവനങ്ങളിൽ നാം കൂടി ഭാഗഭാക്കുകളാകണം. നാട്ടിൽ അരങ്ങേറുന്ന ഹിംസയുടെ മറുപുറങ്ങളിൽ ദൈവത്തെ സ്വന്തം ജീവിതത്തിൽ നിന്ന് ബലമായി ഇറക്കിവിട്ടവരുടെ ദുരന്തങ്ങൾ നാം കാണുന്നു. ശിഥിലമായ ദൈവ–മനുഷ്യബന്ധങ്ങളാൽ നാം തന്നെ ഒരുക്കുന്ന മനുഷ്യത്വത്തിന്റെ ചിതയിൽ നിന്ന് ഉയരുന്ന അഗ്നിനാവുകൾ നമ്മെ വല്ലാതെ അലോസരപ്പെടുത്തുന്നുണ്ട്. ഭക്ഷണം നൽകുന്നതും, ദുരിതങ്ങളിൽ സഹായിക്കുന്നതും മനുഷ്യത്വത്തിന്റെ നിറകാഴ്ചകൾ തന്നെ. എന്നാൽ, അപരനിൽ ദൈവത്തെ കാണുന്ന മഹനീയ നിമിഷങ്ങൾ സൃഷ്ടിച്ചെടുക്കാൻ ഇത്തരം സന്ദർഭങ്ങളിൽ ഓരോ മതവും ബാദ്ധ്യസ്ഥരാണ്. പ്രളയമായാലും മഹാമാരിയായാലും ക്ഷേമ പ്രവർത്തനങ്ങൾക്കായി ഓടിയെത്തുന്നവർ കൊടിയും നിറവുമെല്ലാം ഒളിപ്പിച്ചുവയ്ക്കുന്ന കൃത്രിമമായ പ്രച്ഛന്ന വേഷങ്ങളാൽ അത്തരം മഹനീയ ശ്രമങ്ങളെ വികലമാക്കരുത്. സമകാലിക വാർത്തകളുടെ വിവരണങ്ങൾക്കപ്പുറം 'പച്ചയായ മനുഷ്യനെ' അവന്റെ/അവളുടെ തനിമയിൽ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും കണ്ടെത്താൻ നമുക്ക് കഴിയണം. അപ്പോഴാണ് സമൂഹത്തിൽ ഈശ്വരന്റെ 'എഴുന്നള്ളിപ്പുകൾ' കാണാൻ നമുക്ക് കഴിയുക.

ചിന്ത

നാം ഇന്ന് ജീവിക്കുന്നത് ദൈവം പുറന്തള്ളപ്പെടുന്ന ഒരു സമൂഹത്തിലാണ്. ദൈവം വിസ്മരിക്കപ്പെടുമ്പോൾ, മനുഷ്യൻ ഇല്ലാതായിരിക്കുകയും മനുഷ്യത്വം മരീചികയാകുകയും ചെയ്യുന്നു.

ഫ്രാൻസിസ് പാപ്പ (ഏവരും സഹോദരർ - നമ്പർ 274)


അത്ഭുത
പ്രവർത്തകയായ
കൊരട്ടി
മുത്തിയുടെ
തിരുനാൾ
2026
കൊടിയേറ്റം ഒക്ടോബർ 7
തിരുനാൾ
ഒക്ടോബർ 10, 11
അത്ഭുത രൂപം എഴുന്നള്ളിക്കൽ
ഒക്ടോബർ 11 രാവിലെ 5ന്
എട്ടാമിടം
ഒക്ടോബർ 17, 18
പതിനഞ്ചാമിടം ഒക്ടോബർ 24, 25

VATHICAN THARANGAM
RN 55178/94
Total Pages 40 Date of Publication 31-07-2026




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.